Vol.XXVII,No.6 June 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

PROCLAIMING GOD'S GRACE TO THE WORLD

A Publication of Grace Ministries of India

# ആശ്ചര്യപൂർവമായ ദൈവീക പ്രവൃത്തിക്ക് സാക്ഷ്യം വഹിച്ച വടക്കൻ ഡൽഹി

- എൻ. ദേവപ്രസാദ്
- സ്വന്തം ലേഖകൻ

**നാലു ദിവസത്തെ മഹായോഗങ്ങളിൽ ഒരു ദിവസത്തെ യോഗം ശിവക്ഷേത്രാങ്കണത്തിൽ വച്ച്. രാത്രി കാവലിനുള്ള വെളിച്ചത്തിന്റെ വൈദ്യുതി ക്ഷേത്രത്തിൽ നിന്ന്. സുവിശേഷ ശ്രോതാവായി ബ്രഹ്മകുമാരീസ് ആചാര്യ. ബ്രഹ്മകുമാരീസ് സമ്മേളനത്തിൽ സഹോ. അജിത്കുമാറിന്റെ സന്ദേശം. സുവിശേഷത്തിനായി വാതിൽ തുറക്കപ്പെടുന്ന നിമിഷങ്ങൾ.**

നറേല: ഡൽഹിയുടെ വടക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന നറേലാ ഹരിയാനയോടു ചേർന്നു കിടക്കുന്നു. ഡൽഹി സംസ്ഥാനത്തിൽ വളർച്ചയിൽ രണ്ടാം സ്ഥാനത്തു നിലക്കുന്ന പ്രദേശം. ജനസംഖ്യ 4,72,000-ത്തിലധികം വരുന്ന ഇവിടെ ക്രൈസ്തവരുടെ എണ്ണം 2000-ൽ താഴെ. ഒരു കത്തോലിക്ക പള്ളിയും മെഥഡിസ്റ്റ് പള്ളിയും മാത്രമുള്ള ഈ പ്രദേശത്ത് ഇതുവരെയും ഒരു പരസ്യ ക്രിസ്തീയ യോഗങ്ങളും നടന്നിട്ടില്ല. ഇവിടെ നറേലാ സെക്ടർ 10-ലുള്ള ദസറാ ഗ്രൗണ്ടിൽ വച്ചായിരുന്നു "മസി പുനരുത്ഥാൻ ജയന്തി സമാരോഹ്" എന്നു നാമകരണം ചെയ്ത നാലു ദിവസത്തെ സുവിശേഷ യോഗങ്ങൾ ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ക്രമീകരിക്കപ്പെട്ടത്. മാനവരക്ഷക്കായുള്ള ആത്യന്തിക വെളിപ്പാടായ ക്രിസ്തുവിന്റെ സനാതന സുവിശേഷം സഹോ. ഡി.ജെ. അജിത് കുമാർ ഏവർക്കും ഗ്രഹിക്കാവുന്ന രീതിയിൽ 2011 മെയ് 5 മുതൽ 8 വരെ പ്രസംഗിച്ചു.



**നന്മയുടെ സുവിശേഷത്തിന്റെ കാലൊച്ച:** *വടക്കൻ ഡൽഹിയിലെ നറേല, ദസറാ ഗ്രൗണ്ടിലെ സുവിശേഷമഹായോഗത്തിൽ സന്നിഹിതരായ ജനാവലി*

95 ശതമാനവും ഹൈന്ദവർ കടന്നുവന്ന ഈ യോഗങ്ങൾ അതിർവരമ്പുകൾക്കുമപ്പുറം വ്യാപരിച്ച ദൈവകൃപ മുഖാന്തരം ഏവർക്കും സ്വീകാര്യമായി മാറി. നാലു രാത്രികളിലും യോഗാനന്തരം ജി.എം.ഐയുടെ ടെന്റ് യൂണിറ്റിന്റെ സർവ്വ ഉപകരണങ്ങൾക്കും കാവലിനായി വെളിച്ചത്തിനുള്ള വൈദ്യുതി അടുത്ത ശിവക്ഷത്രത്തിൽ നിന്നും സന്തോഷപൂർവ്വം നല്കിയതും, രണ്ടാം ദിവസത്തെ യോഗം വൻ മഴയും കൊടുങ്കാറ്റും മൂലം തടസ്സപ്പെട്ടപ്പോൾ, ശിവക്ഷേത്രാങ്കണത്തിൽ വച്ച് സുവിശേഷയോഗം നടത്തുവാൻ അനുവാദം

*(ശേഷം 7-ാം പേജിൽ)*

## സുവിശേഷ ശ്രോതാവായി ബ്രഹ്മകുമാരീസ് ആചാര്യ

സുവിശേഷ മഹായോഗത്തിന്റെ മുന്നാം ദിവസം ബ്രഹ്മകുമാരീസ് എന്ന പ്രശസ്ത സംഘടനയുടെ പ്രധാന ആചാര്യയും മറ്റു രണ്ടു ലീഡേഴ്സും എത്തിച്ചേർന്നതും ആശ്ചര്യം ഉളവാക്കി. അന്ന് ക്രിസ്തുവിന്റെ സന്ദേശം മുഴുവനും ശ്രവിച്ച അവർ ഞായറാഴ്ച (8-5-11) അവരുടെ മഹാസമ്മേളനത്തിൽ പ്രസംഗിക്കുവാനായി സഹോ. ഡി.ജെ. അജിത്കുമാറിനെ ക്ഷണിക്കുകയും ചെയ്തു. തുടർന്ന് ആ ഞായറാഴ്ച പകൽ നറേലാ ബ്രഹ്മകുമാരീസ് സമ്മേളനത്തിൽ സഹോ. ഡി.ജെ. അജിത് കുമാർ ക്രിസ്തുവിന്റെ സനാതന സുവിശേഷത്തിന്റെ സന്ദേശം നൽകി.



*ഡൽഹിയിലെ നറേല ബ്രഹ്മ കുമാരീസ് സമൂഹം ക്രമീകരിച്ച സത് സംഗിൽ സഹോ. ഡി.ജെ.അജിത്കുമാർ സന്ദേശം നൽകുന്നു*

## വൻ പേമാരിയുടെ പ്രതികൂലത്തിൽ സുവിശേഷ വിരുന്ന് ശിവക്ഷേത്രത്തിനുള്ളിൽ വച്ച്

നറേലാ : സുവിശേഷ മഹായോഗത്തിന്റെ രണ്ടാം ദിനം (6-5-11) ദുഷ്ടന്റെ കോട്ടകളെ തകർക്കുന്ന ജീവന്റെ ശബ്ദം മുഴങ്ങുവാൻ തടസ്സമായി കോരിച്ചൊരിയുന്ന മഴയും കൊടുങ്കാറ്റുമെത്തിയത് ഏവരെയും നിരാശയിലാഴ്ത്തി. എന്നാൽ അവിടെയും സകല അതിർത്തിയുടെ മതിൽ കെട്ടുകളെയും തുറന്നു കൊണ്ട് പുതിയ കൊയ്ത്തു പാടത്തേക്കു തന്റെ ജനത്തെ നടത്തിയ സ്നേഹ പിതാവിന്റെ പ്രവർത്തിയാണു ദർശിക്കുവാൻ ഇടയായത്. ആ ദിവസത്തെ സുവിശേഷ യോഗം നടത്തുവാനായി അടുത്തുള്ള ശിവക്ഷേത്രത്തിന്റെ വാതിൽ അവിടുത്തെ പൂജാരി തുറന്നു കൊടുത്തപ്പോൾ തകർന്നത് ജാതിമത വകഭേദത്തിന്റെ പേരിൽ മാനവ ജനതയെ വേർതിരിക്കുന്ന മതിൽക്കെട്ടായിരുന്നു. സകല മാനവരാശിയെയും രക്ഷിക്കുന്ന മഹാത്യാഗത്തിന്റെ ക്രിസ്തുവിൻ സ്നേഹം വടക്കൻ ഡെൽഹിയിൽ ഒരു ഹൈന്ദവ ക്ഷേത്രത്തിനുള്ളിൽ നിന്നും ഉറക്കെ മുഴങ്ങിയപ്പോൾ വിശാലത കുറഞ്ഞ ഹൃദയവുമായി മറ്റുള്ളവരെ സമീപിക്കുന്ന ക്രൈസ്തവ ജനതയുടെ കാഴ്ചപ്പാടുകൾ മാറ്റി മറിക്കപ്പെടുകയുമായിരുന്നു.



**അതിർത്തികൾ തകർക്കുന്ന ദൈവ പ്രവൃത്തി :** *വടക്കൻ ഡൽഹിയിലെ നറേലയിൽ ശിവക്ഷേത്രത്തിനകത്ത് ക്രമീകരിച്ച രണ്ടാം ദിവസത്തെ യോഗത്തിൽ നിന്നുള്ള ദൃശ്യങ്ങൾ*

# മദ്ധ്യപ്രദേശിലെ ഗ്രാമീണ ജനതയുടെ വിളക്കായിത്തീരുന്ന ജീ.എം.ഐ. മിഷൻ പ്രവർത്തനങ്ങൾ

*- മിഷൻ ന്യൂസ് ബ്യൂറോ*

മധ്യപ്രദേശിൽ സഹോ. വിനയദാസിന്റെ നേതൃത്വത്തിൽ സിയോനി ജില്ലയിലും സഹോ. മന്നുലാലിന്റെ നേതൃത്വത്തിൽ ഡിൻഡോരി, മാണ്ട്ല ജില്ലകളിലും വിപുലമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 29 മിഷണറിമാർ 82 ഗ്രാമങ്ങളിലായി നടത്തുന്ന പ്രവർത്തനം മുഖാന്തരം ക്രിസ്തുവിശ്വാസത്തിലേക്ക് ആനയിക്കപ്പെട്ടവരുടെ ആത്മീയ വർദ്ധനവിനായും കൂടുതൽ പേരെ വിശ്വാസത്തിലേക്ക് ആനയിക്കുവാനായും അവർ അശ്രാന്ത പരിശ്രമം ചെയ്യുന്നു. 87 ഹൗസ് ചർച്ചുകളും 73 പ്രയർ സെല്ലുകളും ഇവിടെ നടക്കുന്നു. 41 സ്ഥലങ്ങളിലായി നടത്തപ്പെടുന്ന സണ്ടേസ്ക്കൂളുകളിലായി ധാരാളം കുഞ്ഞുങ്ങൾ ദൈവചനം പഠിക്കുന്നു.

### ശാരീരിക ക്ലേശങ്ങളിൽ നിന്നും പ്രാർത്ഥനയിലൂടെ വിടുതൽ

വർദാനാ ഗ്രാമത്തിലെ കലസ്ബതി എന്ന സഹോദരി 12 വർഷങ്ങളായി പലവിധ ശാരീരിക ക്ലേശങ്ങളാൽ ഭാരപ്പെടുകയായിരുന്നു. ബന്ദരിയയിൽ നമ്മുടെ മിഷണറി സഹോ. രാംകൃഷ്ണ ഗോംഗെയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയെപ്പറ്റി കേട്ടറിഞ്ഞ ആ സഹോദരി, കൂട്ടായ്മയിൽ കടന്നുവരികയും തന്റെ പ്രയാസങ്ങൾ വിവരിക്കുകയും ചെയ്തു. കൂട്ടായ്മയിലെ വിശ്വാസികളെല്ലാവരും ഒരു മനസ്സോടെ ആ സഹോദരിക്കുവേണ്ടി പ്രാർത്ഥിച്ചു. സമാധാനത്തോടെ മടങ്ങിപ്പോയ ആ സഹോദരിക്ക് അടുത്ത ഞായർ കൂട്ടായ്മയിൽ സമ്പൂർണ്ണ ആരോഗ്യവതിയായി കടന്നുവരുവാൻ കർത്താവ് സഹായിച്ചു. തുടർന്നിങ്ങോട്ട് ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ സംബന്ധിക്കുന്നു. സഹോ. രാംകൃഷ്ണ ഗോംഗെയുടെ പ്രവർത്തനത്തിലൂടെ ധുധർല; ബന്ദരിയായിലെ ദീപിക ഗൊരഖ്പൂറിലെ ശിവകുമാർ; വർദാനയിലെ സുമർസി എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു.

### അന്ധകാരത്തിലിരിക്കുന്ന ജനതയ്ക്ക് അത്ഭുത വെളിച്ചം

മദ്ധ്യപ്രദേശിലെ ഡിൻഡോരി ജില്ലയിലെ ടിക്രി പിപ്രി ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. അരവിന്ദ് കുമാർ ഭവനങ്ങൾ തോറും കയറിയിറങ്ങി സുവിശേഷം അറിയിക്കുന്നതിനും ഭവനങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഉത്സുകനാണ്. നേവസാ ഗ്രാമത്തിലെ ജനങ്ങൾ പലവിധത്തിലുള്ള അന്ധവിശ്വാസങ്ങൾക്ക് അടിമകളാണ്. അവരുടെ ഇടയിൽ സ്തുത്യർഹമായ പ്രവർത്തനം നടത്തുവാനും പ്രസ്തുത വിശ്വാസങ്ങളുടെ നിരർത്ഥകത ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവരെ മനസ്സിലാക്കുവാനും കർത്താവ് പ്രിയസഹോദരനെ സഹായിച്ചു. ആ ഗ്രാമത്തിലെ ജനത അന്ധകാരത്തിൽ നിന്നും അത്ഭുതവെളിച്ചത്തിലേക്ക് നയിക്കപ്പെടേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

### ദൈവത്തിന്റെ അത്ഭുതകരമായ സൂക്ഷിപ്പ്

ഡിൻഡോരി ജില്ലയിലെ ബിജോറ ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നമ്മുടെ മിഷണറി സഹോ. ഗ്രേഷ്കുമാർ മാർക്കം മംഗൽബായി എന്ന സഹോദരിയുടെ ഭവനത്തിലെ പ്രാർത്ഥന കഴിഞ്ഞു മടങ്ങുന്ന വഴിയിൽ ഒരു പാമ്പ് കിടന്നിരുന്നു. എന്നാൽ അതിന്റെ കടിയേൽക്കാതാവണ്ണം കർത്താവ് പ്രിയ സഹോദരനെ അത്ഭുതകരമായി സൂക്ഷിച്ചു. വിചാർപൂർ ഗ്രാമത്തിലെ അമർവതി എന്ന സഹോദരിയ്ക്ക് പ്രാർത്ഥനയിലൂടെ രക്തസ്രാവത്തിൽ നിന്നും സൗഖ്യം ലഭിച്ചതു മുഖാന്തരം കുടുംബമായി രക്ഷാമർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു.

### അപസ്മാര രോഗം പ്രാർത്ഥനയിലൂടെ സൗഖ്യമായി

ജനനം മുതൽ തന്നെ അപസ്മാര രോഗത്തിന് അടിമയായിരുന്ന അംദരി ഗ്രാമത്തിലെ സർജൻ സിംഗ് എന്ന വ്യക്തിക്കുവേണ്ടി സഹോ. തീരത്ത് സിംഗ് പട്ട പ്രാർത്ഥിക്കുകയും പ്രാർത്ഥനയുടെ ഫലമായി പരിപൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു. ആ കുടുംബത്തിലെ അംഗങ്ങളെല്ലാം കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുവാൻ ഇതുമൂലം ഇടയായിത്തീർന്നു. അംദരി ഗ്രാമത്തിലെ തന്നെ രാംസിംഗ് എന്ന വ്യക്തിക്കും പ്രാർത്ഥനയിലൂടെ രോഗസൗഖ്യം ലഭിച്ചു. ഇതു മുഖാന്തരം താനും പത്നി മതിയാബായിയും രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. അനുപൂർ ജില്ലയിലെ ഡൂധി ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. തീരത്ത് സിംഗ് പട്ടയുടെ ശുശ്രൂഷ ഇനിയും അനേകർക്ക് പ്രയോജനപ്രദമായിത്തീരേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

### ഭവനസന്ദർശനവേളയിൽ അത്ഭുത വിടുതലുകൾ

സഹോ. ദീപക് സിപക് സിംഗ് മരാവി ഡിൻഡോരി ജില്ലയിലെ ബഹേരാടോല, ടേവരി, മിഗഢി, പട്രിയ, മുട്ക്കി, ബരാടോല, എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു. ബഹേരാടോലാ ഗ്രാമം സന്ദർശിച്ച് സുവിശേഷം അറിയിക്കുന്ന അവസരത്തിൽ ശ്വാസതടസ്സത്താൽ ക്ലേശം അനുഭവിക്കുകയായിരുന്ന ജാനകി ബായി എന്ന സഹോദരിക്കു വേണ്ടി സഹോ. ദീപക് സിംഗ് മരാവി പ്രാർത്ഥിക്കുകയും കർത്താവ് അത്ഭുതകരമായി വിടുവിക്കുകയും ചെയ്തു. ബരാടോല ഗ്രാമത്തിലെ മാധോ സിംഗ് എന്ന വ്യക്തിയുടെ ഭവനത്തിൽ കടന്നുചെന്ന് സുവിശേഷം അറിയിക്കുകയും വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. വചനം ശ്രവിച്ച് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ രോഗങ്ങളിൽ നിന്നും വിവിധ പ്രശ്നങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച ആ കുടുംബം രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. മാധോസിംഗ്, സാവിത്രി, ഹേമവതി എന്നിവരടങ്ങുന്ന ഈ കുടുംബം ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ സംബന്ധിക്കുന്നു.

### വിടുതലിന്റെ അത്ഭുത സാക്ഷ്യങ്ങൾ

നമ്മുടെ മിഷണറി സഹോ. ഭജൻസിംഗ് പട്ടയിലൂടെ വചനം ശ്രവിച്ച് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച രാംപ്രസാദ് എന്ന വ്യക്തിക്ക് മദ്യപാനത്തിൽ നിന്നും മുക്തി ലഭിക്കുകയും രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരികയും ചെയ്തു. ബന്നോബായി എന്ന സഹോദരിക്ക് പ്രാർത്ഥനയിലൂടെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ ലഭിച്ചു. സഹോ. ഭജൻ സിംഗ് പട്ടയുടെ കൂട്ടായ്മയിൽ കടന്നുവരുന്ന ജവഹർബായി എന്ന സഹോദരൻ ഒരു സർപ്പത്തെ അറിയാതെ ചവിട്ടുവാനിടയായെങ്കിലും അതിന്റെ കടിയേൽക്കാതെ അത്ഭുതകരമായി രക്ഷപ്പെട്ടു. നന്നി ബായി എന്ന സഹോദരിക്ക് പ്രാർത്ഥനയിലൂടെ നേത്രസംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം ലഭിച്ചു. ഡിൻഡോരി ജില്ലയിലെ പുരാനി ഡിൻഡോരി ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ഭജൻസിംഗ് പട്ടയുടെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

### പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ

മാണ്ട്ല ജില്ലയിലെ മുകാഷ്ഖുർദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സഹ്പത് സിംഗ് മാർക്കത്തിന്റെ പ്രാർത്ഥനയിലൂടെ പിപ്പരിയാ ഗ്രാമത്തിലെ വിമലാബായി; ബബ്ലിയാ ഗ്രാമത്തിലെ സോണിയാ എന്നീ സഹോദരിമാർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. അത് ഇരുകുടുംബങ്ങളിലെയും വ്യക്തികളുടെ രക്ഷാനിർണ്ണയത്തിനും ഹേതുവായി. കുയിഗ്രാമത്തിലെ കലിബായി എന്ന സഹോദരിയും ഭർത്താവും രണ്ട് കുഞ്ഞുങ്ങളും സഹോ. സഹ്പത് സിംഗ് മാർക്കത്തിലൂടെ വചനം ശ്രവിച്ച് രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു.

ധാരാളം എതിർപ്പുകളും പ്രതികൂലങ്ങളും നിലനിൽക്കുന്ന പ്രദേശമാണെങ്കിലും മദ്ധ്യപ്രദേശിൽ നമ്മുടെ മിഷണറിമാർ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നു. സഹോ. വിനയദാസിന്റെയും സഹോ. മനുലാലിന്റെയും ആത്മീയ നേതൃത്വം അവിടുത്തെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്. മിഷണറിമാരുടെ പ്രവർത്തനങ്ങളിലൂടെ സർവ്വശക്തനായ ദൈവം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുമ്പോൾ ജനം കൂട്ടം കൂട്ടമായി വിശ്വാസമാർഗ്ഗത്തിലേക്ക് ആനയിക്കപ്പെടുന്നു. എന്നാൽ വിശ്വാസത്തിലേക്ക് കടന്നു വരുന്നവരുടെ നിലനിൽപ്പിനായി നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതുണ്ട്. കാരണം ഭീഷണികളും എതിർപ്പുകളും മുഖാന്തരം വിശ്വാസ ത്യാഗം സംഭവിക്കാനുള്ള സാധ്യത മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ വളരെ കൂടുതലാണ്. ആയതിനാൽ മദ്ധ്യ പ്രദേശിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം.



# പരിശുദ്ധാത്മ പ്രവർത്തനത്തിനായി വാതിലുകൾ തുറന്നിടുക

*ഡി.ജെ. അജിത്കുമാർ*

**ഈ** മാസം ആദ്യ ആഴ്ച ഞാൻ ഉത്തരഖണ്ഡിലെ സത്താൾ ക്രിസ്ത്യൻ ആശ്രമം സന്ദർശിക്കാൻ ഇടയായി. ഡോ. സ്റ്റാൻലി ജോൺസ് എന്ന മിഷണറി 1930 –ലാണ് ഈ ആശ്രമം സ്ഥാപിച്ചത്. മെഥഡിസ്റ്റ് സഭയുടെ കീഴിലെ ഈ ആശ്രമം 360 ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്നു. ഉയർന്ന പർവ്വതനിരകൾ കൊണ്ട് നിറഞ്ഞ ഈ സ്ഥലത്തിൽ എപ്പോഴും തണുത്ത കാലാവസ്ഥയാണ്. ഡൽഹിയിൽ 42 ഡിഗ്രി ചൂടുണ്ടായിരുന്ന ദിവസം മീററ്റിൽ നിന്നു സത്താൾ ആശ്രമത്തിൽ വന്നപ്പോൾ അവിടെ ഫാൻ പോലുമില്ലാതെ താമസിക്കാവുന്ന സുഖകരമായ കാലാവസ്ഥ. ഈ ആശ്രമത്തിൽ നീണ്ട 25 വർഷമായി ആചാര്യയായിരുന്നത് നമ്മുടെ ആശ്രമത്തിൽ കഴിഞ്ഞ രണ്ടുവർഷം ആചാര്യയായിരുന്ന ദയപ്രകാശ് അവർകളാണ്. ഇപ്പോൾ ആചാര്യ ഡോ. ജോൺ വിശ്വാസാണ് ഇവിടത്തെ റസിഡന്റ് ആചാര്യ. ഞങ്ങളെ അദ്ദേഹവും ആശ്രമത്തിലെ മറ്റു ഭാരവാഹികളും സന്തോഷത്തോടെ സ്വീകരിച്ചു. താമസിക്കുവാനായി ഒരു ക്വാർട്ടേഴ്സും നൽകി. മൂന്നു ദിവസം അവിടെ താമസിക്കുവാനുള്ള പദ്ധതിയാണ് ഞാൻ തയ്യാറാക്കിയിരുന്നത്. കരിങ്കൽ കൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾ. 80 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച പഴമയും, പ്രൗഢിയും കാണാനുണ്ടായിരുന്നു. രാത്രിയാണ് ഞങ്ങൾ അവിടെ എത്തിചേർന്നത്. കെട്ടിടത്തിനുള്ളിൽ കയറിക്കഴിഞ്ഞപ്പോൾ, അതിനുള്ളിൽ നല്ലചൂട്. വെളിയിൽ നല്ല തണുപ്പും. തണുപ്പ് വളരെ ഇഷ്ടപ്പെടുന്ന ഞാൻ, ആ മുറിയിൽ കയറിയ ഉടൻ എല്ലാ പൂട്ടിയിട്ടിരുന്ന ജനാലകളും തുറന്നിട്ടു. നല്ല ക്രോസ് വെന്റിലേഷനിൽ പണിതിരിക്കുന്ന മുറികൾ. എല്ലാ ജനാലകളും തുറന്നിട്ടപ്പോൾ നല്ല തണുത്ത കാറ്റ് ഉള്ളിലേക്കു കയറാൻ തുടങ്ങി. ഒരു മണിക്കൂറിനുള്ളിൽ മുറി നല്ല ശീതീകരിച്ച മുറിയായി. ഫാനില്ലാതെ ഉറങ്ങത്തക്കസുഖം. ഇതുതന്നെയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി എല്ലാവരും ചെയ്യേണ്ടത്. അടഞ്ഞിരിക്കുന്ന ജനാലകൾ തുറന്നിടുക. പരിശുദ്ധാത്മാവ് ഉള്ളിലേക്കു വീശട്ടെ. ആശ്വാസവും, സുഖവും നൽകട്ടെ. കർത്താവ് പറയുന്നതും അതു തന്നെ: "ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു ; വാതിൽ തുറക്കുക" (വെളി. 3: 20). ഉണങ്ങി വരണ്ടുപോയ അസ്ഥികൾ ജീവിക്കാൻ ഈ ആത്മപ്രവർത്തനം നടക്കട്ടെ (യെഹ. 37: 1–12). ആത്മാവേ വരേണമേ. എല്ലാസൃഷ്ടികളേയും പുതുക്കേണമേ.

ഉല്പത്തി പുസ്തകം മുതൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് നമുക്കു കാണാൻ കഴിയും. ഇന്നും ദൈവം ആത്മാവായി, മാറ്റമില്ലാത്തവനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആത്മാവിന്റെ പ്രവർത്തനം നടക്കുവാൻ അടഞ്ഞ് കിടക്കുന്ന എല്ലാ വാതിലുകളും തുറന്നു കൊടുക്കാം.

### ആത്മാവ് സൃഷ്ടിയിൽ

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരിന്നു. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതു എന്നു ദൈവം കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു" (ഉല്പ. 1: 1–4). പാഴും, ഇരുട്ടും, ശൂന്യവുമായിരുന്ന ഭൂമിയുടെ പുനഃസൃഷ്ടി നടക്കുന്നത് ആത്മാവിനാലാണ്. വെളിച്ചം ഉണ്ടായി. എല്ലാ സൃഷ്ടികളും നടന്നു. ആത്മാവിന്റെ പ്രവർത്തി നടന്നു തുടങ്ങുമ്പോൾ വെളിച്ചവും വന്നു തുടങ്ങും. വെളിച്ചം സൃഷ്ടിയുടെ ആരംഭമാണ്. ഇല്ലാത്തത് സകലവും സൃഷ്ടിക്കപ്പെട്ടു. ആത്മാവ് വരട്ടെ. എല്ലാ പാഴും, ശൂന്യവുമായ അവസ്ഥ മാറട്ടെ. മാനുഷികമായ എല്ലാ ശ്രമങ്ങളും ചെയ്തിട്ടും ഒരു ഫലവുമുണ്ടാകാതെയിരിക്കുന്ന അവസ്ഥകളിലേക്കു ആത്മാവിന്റെ പ്രവർത്തനം നടക്കുവാനായി ഏല്പിച്ചുനോക്കുക.

### വിമോചനം

"യഹോവ അന്നു രാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റുകൊണ്ടു കടലിനെ പിൻവാങ്ങിച്ചു ഉണങ്ങിയ നിലം ആക്കി; അങ്ങനെ വെള്ളം തമ്മിൽ വേർപിരിഞ്ഞു" (പുറ. 14: 21).

യിസ്രായേൽ ജനത്തിന് യാത്ര ചെയ്യാനായി ചെങ്കടലിൽ വഴിയുണ്ടാകുന്നു. "കിഴക്കൻ കാറ്റ്" ദൈവത്തിന്റെ "റൂഹാ"യാണ്. അതായത് ആത്മാവ്. കടൽ, ഉണങ്ങിയ നിലമായി മാറി. ആത്മാവ് വന്നാൽ ഏതു കടലിലും ഉണങ്ങിയ നിലമായ വഴിയുണ്ടാകും. അടഞ്ഞുപോയ ഏതുവഴിയും തുറക്കും. ഇതുപോലുള്ള ഒരു കൊടുങ്കാറ്റടിച്ചാൽ മാത്രം മതി.

### വിടുതൽ

"അവൻ ലേഹിയിൽ എത്തിയപ്പോൾ ഫെലിസ്ത്യർ അവനെ കണ്ടിട്ടു ആർത്തു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെമേൽ വന്നു അവന്റെ കൈ കെട്ടിയിരുന്ന കയർ തീകൊണ്ടു കരിഞ്ഞ ചണനൂൽ പോലെ ആയി; അവന്റെ ബന്ധനങ്ങൾ കൈമേൽ നിന്നു ദ്രവിച്ചുപോയി"(ന്യായ. 15: 14,15).

ശിംശോനെക്കണ്ടിട്ട് ശത്രുസൈന്യം സന്തോഷം കൊണ്ട് നിലവിളിച്ചപ്പോഴാണ് ആത്മശക്തി അവനിലേക്കിറങ്ങിയത്. എല്ലാ ബന്ധനങ്ങളും അഴിഞ്ഞു. ശിംശോൻ വിടുവിക്കപ്പെട്ടു. ആത്മശക്തി വന്നാൽ ഏതു കെട്ടും അഴിഞ്ഞു പോകും. ഒരു വിടുതലിനായി – ആത്മശക്തി ഇറങ്ങാനായി ഏല്പിക്കപ്പെടുക.

### അസ്ഥികൾ ജീവിക്കുന്നു

"അപ്പോൾ അവൻ എന്നോടു കല്പിച്ചതു: കാറ്റിനോടു പ്രവചിക്ക; മനുഷ്യപുത്രാ, നീ പ്രവചിച്ചു കാറ്റിനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ശ്വാസമേ, നീ നാലു കാറ്റുകളിൽ നിന്നും വന്നു ഈ നിഹതന്മാർ ജീവിക്കേണ്ടതിന്നു അവരുടെ മേൽ ഊതുക. അവൻ എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവിർന്നുനിന്നു" (യെഹ.37:9,10).

ഉണങ്ങിപ്പോയ അസ്ഥികളുടെ മേൽ ആത്മശക്തി വ്യാപരിക്കുന്നു. അസ്ഥി-അസ്ഥിയോടു വന്നു ചേരുന്നു. അതിൽ ഞരമ്പും, മാംസവും, ത്വക്കും വന്നു ചേരുന്നു. അതിൽ ജീവനും വരുന്നു. വലിയ സൈന്യമായി എഴുന്നേൽക്കുന്നു. ആത്മാവു വന്നാൽ ഏതു ജീവനില്ലാത്ത അവസ്ഥയും മാറും. ബലഹീനമായതു സൈന്യമായി മാറും. ഭോഷത്വമായതു ജ്ഞാനമുള്ളതായി മാറും.

### പർവ്വതം സമഭൂമിയാകുന്നു

"സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായി തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും" (സെഖ. 4: 6).

ദേവാലയത്തിന്റെ പണി ചെയ്യാൻ വന്ന ജനങ്ങൾ പിന്മാറിപ്പോയി. യരുശലേമിലെ ജനം എതിരായി. രാജാവ് വേല നിർത്തിവപ്പിച്ചു. പണിക്കു നേതൃത്വം നൽകിക്കൊണ്ടിരുന്ന സെരുബ്ബാബേൽ നിരാശനായി. വർഷങ്ങൾ പണിമുടങ്ങിക്കിടന്നു. ഈ അവസ്ഥയിലാണ് സെഖര്യാവിന് ദർശനം ലഭിക്കുന്നത്. അദ്ദേഹം സെരുബ്ബാബേലിനോട് പറയുന്ന സന്ദേശമാണിത്. ദൈവം തന്റെ ആത്മാവിനാലാണ് സകലവും ചെയ്യുന്നത്. സൈന്യത്താലോ, ശക്തിയാലോ അല്ല. സെരുബ്ബാബേലിന് മുമ്പിലുള്ള 'എതിർപ്പ്' എന്ന പർവ്വതം സമഭൂമിയായിത്തീരും എന്നാണ് ദൈവ ശബ്ദം.

### അസാദ്ധ്യങ്ങൾ സാധ്യമാകുന്നു

"മറിയ ദൂതനോടു: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്നു

*(ശേഷം അടുത്ത പേജിൽ)*

**ആത്മാവിന്റെ പ്രവർത്തി നടന്നു തുടങ്ങുമ്പോൾ വെളിച്ചവും വന്നു തുടങ്ങും . വെളിച്ചം സൃഷ്ടിയുടെ ആരംഭമാണ്. ഇല്ലാത്തത് സകലവും സൃഷ്ടിക്കപ്പെട്ടു. ആത്മാവ് വരട്ടെ. എല്ലാ പാഴും, ശൂന്യവുമായ അവസ്ഥ മാറട്ടെ. മാനുഷികമായ എല്ലാ ശ്രമങ്ങളും ചെയ്തിട്ടും ഒരു ഫലവുമുണ്ടാകാതെയിരിക്കുന്ന അവസ്ഥകളിലേക്കു ആത്മാവിന്റെ പ്രവർത്തനം നടക്കുവാനായി ഏല്പിച്ചുനോക്കുക.**

# പ്രതീക്ഷയുടെ തിരിനാളവുമായി ഹരിയാനാ മിഷൻ

*- മിഷൻ ന്യൂസ് ബ്യൂറോ*

**2010** -ൽ ആണ് ജി.എം.ഐ. ആരംഭിച്ച ഹരിയാനയിലെ മിഷൻ പ്രവർത്തനങ്ങളിൽ അഞ്ച് ജി.എം.ഐ മിഷണറിമാർ സജീവമായി പങ്കെടുത്തു വരുന്നു. ഒരു വർഷം പിന്നിടുമ്പോൾ ആശാവഹമായ മുന്നേറ്റമാണ് ഇവിടുത്തെ മിഷണറിമാരിലൂടെ കൈവരിക്കുവാൻ കഴിഞ്ഞത്. സഹോ. ശശികുമാർ ബട്ടി, സഹോ. ഇമ്മാനുവേൽ മസി, സഹോ. സാമുവേൽ മസി, സഹോ. ബിട്ടു മസി, സഹോ. സുനിൽ മോസസ് എന്നീ മിഷണറിമാരാണ് ഹരിയാനയിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങൾ നടത്തുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് ഇവരെല്ലാവരും തന്നെ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ ഉത്തരവാദിത്വത്തോടെ നിറവേറ്റുന്നു. ധാരാളം പേർ ഇവരിലൂടെ ദൈവവചനം ശ്രവിച്ച് വിശ്വാസ മാർഗ്ഗത്തിലേക്ക് ആനയിക്കപ്പെടുന്നു.

## വിശ്വാസ മാർഗ്ഗത്തിലേക്ക് പ്രത്യാശയോടെ

സിർസാ ജില്ലയിലെ മല്ലികെൻ ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ശശികുമാർ ബട്ടി ഫിറോസാബാദ്, കേസുപുരാ, മെയ്ദിൻ, ഉമേദ്പുരാ എന്നീ സ്ഥലങ്ങളിലും പ്രവർത്തിച്ചുവരുന്നു. ഭവന സന്ദർശനം, ലഘുലേഖാവിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ദൈവരാജ്യവിസ്തൃതിക്കായി അദ്ധ്വാനിക്കുന്ന തന്റെ ശുശ്രൂഷയിലൂടെ ഉമേദ് പുരയിലെ അനിൽ കുമാർ; ചിൽക്നി ഗ്രാമത്തിലെ വിനോദ് കുമാർ, പാമി, ജ്യോതി, രവി; മല്ലികെൻ ഗ്രാമത്തിലെ ജോഗീന്ദർ, അവ്ദേശ് എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. സഹോ. ശശികുമാറിന്റെ പ്രവർത്തനത്തിലൂടെ വിശ്വാസ മാർഗ്ഗത്തിലേക്ക് കടന്നുവന്നവരുടെ നിലനിൽപ്പിനായും, ഇനിയും തന്റെ പ്രവർത്തനങ്ങൾ അനേകരുടെ രക്ഷയ്ക്ക് ഉതകുമാറാകേണ്ടതിനായും പ്രാർത്ഥിക്കാം.

## കർത്താവായ യേശുവിനെ ജലത്തിൽ സാക്ഷികരിച്ചു

അഗർവാ ഗ്രാമത്തിലെ നിമോ, ദിലീപ് സിംഗ്, രാജേന്ദ്ര, സുഖാ എന്നീ വ്യക്തികൾ സഹോ. ഇമ്മാനുവേൽ മസിയുടെ പ്രവർത്തനത്തിലൂടെ വിശ്വാസത്തിലേക്ക് കടന്നുവരുവാനും ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേരുവാനും കർത്താവ് സഹായിച്ചു. കൂടാതെ രതിയാ ഗ്രാമത്തിലെ ജസ് വന്ത, ദൽബിർ; ഭവനാ ഗ്രാമത്തിലെ സോനു, കാന്ത; അഹർവാ ഗ്രാമത്തിലെ മൻകീത് സിംഗ്, ബഗ്സിംഗ് എന്നീ വ്യക്തികൾ രക്ഷിക്കപ്പെടുവാനും സഹോ. ഇമ്മാനുവേൽ മസിയുടെ പ്രവർത്തനം മുഖാന്തരം ഇടയായിത്തീർന്നു. ഒനഹാബാദ് ജില്ലയിലെ രതിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ഇമ്മാനുവേൽ മസിയുടെ പ്രവർത്തനങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിച്ചു നമുക്ക് പ്രാർത്ഥിക്കാം.

സിർസാ ജില്ലയിലെ കഗൻപൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സാമുവേൽ മസീഹ് ഷാഹിദാവാലി, റാണിയാ ചുഗി, ഡി.സി കോളനി എന്നീ സ്ഥലങ്ങളിലും പ്രവർത്തിക്കുന്നു. കഗൻപൂറിൽ നടക്കുന്ന കൂട്ടായ്മയിൽ 97 വ്യക്തികൾ കടന്നു വന്ന് സംബന്ധിക്കുന്നു. സഹോ. സാമുവേൽ മസിയിലൂടെ വചനം ശ്രവിച്ച കഗൻ പൂറിലെ രാജേന്ദ്രൻ, അലീഷാബായി, സോനു, പിൽസയ്പരം ജിത്; ഷാവിദാവാലി ഗ്രാമത്തിലെ ബാർത് ബിഷ, ബബ്ഷു, ഹർനം, ബിയല, സത്പാൽ എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. ഇതിൽ രാജേന്ദ്രൻ, അലീഷബാ എന്നീ വ്യക്തികൾ കർത്താവായ യേശുവിനെ ജലത്തിൽ സാക്ഷീകരിച്ചു. സഹോ. സാമുവൽ മസിയുടെ പ്രവർത്തനങ്ങൾ ഇനിയും അനേകർക്ക് പ്രയോജനപ്രദമായിത്തീരേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

## ത്വക്ക് രോഗത്തിൽ നിന്നും പ്രാർത്ഥനയിലൂടെ വിടുതൽ

ഹരിയാനയിലെ സിർസാ ജില്ലയിലെ സിക്കന്ദർപൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജി.എം.ഐ. മിഷണറിയാണ് സഹോ. ബിട്ടു മസി. പ്രിയ സഹോദരന്റെ ശുശ്രൂഷയിലൂടെ രത്താഖേരാ ഗ്രാമത്തിലെ ലാൽചന്ദ്, മീരാബായി, സോനു, സന്തോഷ്, അമൽ ദീപ്, സാറാ, ജയ്ലാൽ, അമർജിത്ത് കിരൺ ജിത്ത്, സോമാ ബായി സാഗാർ ഗ്രാമത്തിലെ കാഷ്മീർ സിംഗ്, ബൽ വീന്ദർ കൗർ എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ലാൽചന്ദ് എന്ന വ്യക്തിയ്ക്ക് ത്വക്ക് രോഗത്തിൽ നിന്നും പ്രാർഥനയിലൂടെ ലഭിച്ച വിടുതലാണ് തന്റെ രക്ഷാനിർണ്ണയത്തിനും ഹേതുവായത്. സഹോ. ബിട്ടുമസി പ്രാർത്ഥിച്ചു നൽകിയ എണ്ണ പുരട്ടിയപ്പോഴാണ് ആ സഹോദരന് സൗഖ്യം ലഭിച്ചത്. സഹോ. ബിട്ടുമസിയുടെ ശുശ്രൂഷയിലൂടെ സർവ്വശക്തനായ ദൈവം ഇനിയും വൻകാര്യങ്ങളെ ചെയ്യേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

ഹരിയാനയിൽ പ്രവർത്തിക്കുന്ന ജി.എം.ഐ. മിഷണറിമാരെല്ലാവരും തന്നെ ശുഷ്ക്കാന്തിയോടെ കർത്താവിന്റെ വേല ചെയ്യുന്നത് മുഖാന്തിരം ധാരാളം പേർ ക്രിസ്തുവിന്റെ സ്നേഹത്തെ രുചിച്ചറിയുവാൻ ഇടയാകുന്നു. ഇവരുടെ പ്രവർത്തനങ്ങളിലൂടെ വലിയൊരു കൂട്ടം ജനം ഇതിനോടകം രക്ഷയുടെ അനുഭവത്തിലേക്ക് വന്നു കഴിഞ്ഞു. ജലസ്നാനമേറ്റ് ക്രിസ്തുവിനോട് ചേർന്നവരുടെ എണ്ണവും നിരവധിയാണ്. വിശ്വാസ മാർഗ്ഗത്തിലേക്ക കടന്നുവരുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുന്നതോടോപ്പം ഹരിയാനയിലെ മിഷണറിമാരുടെ ശുശ്രൂഷ ഇനിയും അനേകരെ നിത്യജീവന് അവകാശികളാക്കുവാൻ പര്യാപ്തമായിത്തീരേണ്ടതിനായും പ്രാർത്ഥിക്കാം.

**പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം ഹരിയാനയിലെ ജി.എം.ഐ മിഷൻ ഫീൽഡുകളിൽ ഉണ്ടാകാനായി പ്രാർത്ഥിക്കുമോ? നമുക്കൊരു പ്രാർത്ഥന കേൾക്കുന്ന ദൈവമുണ്ട്.**

*3-ാം പേജിന്റെ തുടർച്ച...*

പറഞ്ഞു. അതിന്നു ദൂതൻ: പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ദൈവത്തിന്നു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു. അതിന്നു മറിയ: ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു; ദൂതൻ അവളെ വിട്ടുപോയി" (ലൂക്കൊ. 1: 34-38).

പുരുഷനെ അറിയാത്ത കന്യക എങ്ങനെ ഗർഭിണിയാകും?! ഇതായിരുന്നു മറിയയുടെ ചോദ്യം. മാനുഷികമായി അസാദ്ധ്യം. ഇന്നും ആധുനിക ദൈവശാസ്ത്രജ്ഞന്മാർക്കുപോലും അവിശ്വസനീയമായി തോന്നുന്നത്. എന്നാൽ മറിയയുടെ ചോദ്യത്തിനുത്തരം വന്നു. "പരിശുദ്ധാത്മാവ് നിന്റെമേൽ വരും". അപ്പോൾ അസാദ്ധ്യങ്ങൾ സാധ്യമാകും. അന്ന് മറിയ സമർപ്പിക്കുകയാണ് "ഇതാ, കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ ഭവിക്കട്ടെ''. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി ഇവിടെ വാതിൽ തുറന്നിടുകയാണ്.

വ്യക്തിപരമായ ജീവിതങ്ങളിൽ, കുടുംബങ്ങളിൽ, സഭകളിൽ, കൂട്ടായ്മകളിൽ ഒരു വിടുതൽ ആവശ്യമെന്നു ചിന്തിക്കുന്നവർ ചെയ്യേണ്ടുന്ന ഒരേ ഒരു കാര്യമിതാണ്. പരിശുദ്ധാത്മ പ്രവർത്തനത്തിനായി വാതിലുകൾ തുറന്നിടുക.

ആത്മ ശക്തി ജീവിതത്തിലേക്കു ഒന്നു വീശട്ടെ. ഒരു ദിവസമോ, രണ്ടു ദിവസമോ, മൂന്നു ദിവസമോ, ഒരാഴ്ച്ചയോ, ഒരു മാസമോ അതിനായി മാറ്റി വക്കുക. പ്രാർത്ഥനയിലും, വേദ പുസ്തക വായനയിലും, ധ്യാനത്തിലും, കൂടുതൽ സമയം ചെലവിടുക. ചുരുക്കത്തിൽ, ദൈവ സാന്നിധ്യത്തിൽ കൂടുതൽ സമയം ചെലവിടുവാനായി മാറ്റിവയ്ക്കുക. ഒന്നു മാത്രം പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവേ വരേണമേ. എന്നെ(ഞങ്ങളെ) പുതുക്കേണമേ. എന്റെ (ഞങ്ങളുടെ) മേൽ വീശണമേ. ആമേൻ

**പുതിയ സ്കൂൾ വർഷത്തിൽ പുതിയ ക്ലാസ്സുകളിലേക്ക് പ്രവേശിക്കുന്നവർക്ക് യേശു ജീവിക്കുന്നു കുടുംബത്തിന്റെ ആശംസകൾ.**



# ബൈബിൾ പഠനക്വിസ് - 80

*ഡോ. റ്റി.സി. കിഷോർ മോഹൻ*

**നീ**തിമാന്മാരും നിഷ്ക്കളങ്കരും വിവേകികളും എല്ലാറ്റിലുമുപരി സർവ്വ ജ്ഞാനികളായ ഒരു ജന സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ രചിച്ചു എന്നു കരുതപ്പെടുന്ന ഒരു പുസ്തകമാണ് സദൃശവാക്യങ്ങൾ. ഓരോ വ്യക്തിക്കും ദൈനംദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളും സമഗ്രമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ദൈവീക ജ്ഞാനം എന്നതാണ് ഈ പുസ്തകത്തിലെ പ്രധാന പ്രതിപാദ്യ വിഷയം എന്നു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. ജീവിതം സമർത്ഥമായും സോദ്ദേശകരവുമായി നയിക്കുവാനുള്ള കഴിവാണ് ജ്ഞാനം. സ്വഭാവ രൂപീകരണത്തിൽ ഒരു വ്യക്തിയെ സ്വാധീനിക്കുന്ന പല ഘടകങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. ഒരു വ്യക്തി സമൂഹത്തിൽ എങ്ങനെ മറ്റുള്ളവരോടു ഇടപെടണം (പ്രത്യേകിച്ച് മാതാപിതാക്കളോട്, ദൈവത്തോട്, സ്നേഹിതന്മാരോട്, ഗുരുക്കന്മാരോട്) എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു രൂപം ഈ പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ജ്ഞാനപൂർണ്ണമായ ചിന്തകളാൽ ദൈവ ഭക്തിയോടെ ജീവിക്കുവാൻ എങ്ങനെ സാധിക്കും എന്ന് മനുഷ്യരെ പഠിപ്പിക്കുന്ന മഹത്‌വചനങ്ങളുടെ ഒരു പുസ്തമാണ് സദൃശ്യവാക്യങ്ങൾ.

ആകെ 31 അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിലെ 1 മുതൽ 29 വരെയുള്ള അധ്യായങ്ങളുടെ രചന നിർവഹിച്ചിരിക്കുന്നത് ശലോമോൻ രാജാവാണ്. മറ്റു രണ്ടു അദ്ധ്യായങ്ങളുടെ കർത്താക്കളെക്കുറിച്ചുള്ള സൂചന തുടക്കത്തിൽ തന്നെ കാണുവാൻ സാധിക്കും. (30: 1, 31: 1). പ്രധാന എഴുത്തക്കാരൻ ശലോമോൻ എന്നതിനാൽ ശലോമോന്റെ സദൃശവാക്യങ്ങൾ എന്ന ശീർഷകമാണ് എബ്രായ, ഗ്രീക്കു ബൈബിളുകളിൽ സ്വീകരിച്ചിരുന്നത്. കാലക്രമേണ ലത്തീൻ, ഇംഗ്ലീഷ് മറ്റിതര ഭാഷകളിലേക്ക് തർജമ ചെയ്യപ്പെട്ടപ്പോൾ ശീർഷകം ചുരുങ്ങി 'സദൃശവാക്യങ്ങൾ' എന്നായി. കവിത, കടംകഥ, ചെറുകഥകൾ ഉപമകൾ എന്നിവ ഇട കലർത്തി വളരെ വ്യത്യസ്തമായ ആഖ്യാന ശൈലിയാണ് ശലോമോൻ ഈ കൃതിയിൽ സ്വീകരിച്ചിരിക്കുന്നത്. താനെഴുതിയതല്ലാത്ത പല സദൃശവാക്യങ്ങളും അദ്ദേഹം ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കാനിടയുണ്ട്. സദൃശവാക്യങ്ങൾ 22: 17 മുതൽ 24 : 34 വരെയുള്ള ഭാഗം ജ്ഞാനികളുടെ വചനങ്ങൾ എന്ന പേരിലാണ് എഴുതപ്പെട്ടിട്ടുള്ളത്.

പഴയ നിയമകാലത്ത് സർവശക്തനായ ദൈവം തന്റെ ജനത്തോടു സംസാരിക്കുന്നതിനുവേണ്ടി പുരോഹിതൻ, പ്രവാചകൻ ജ്ഞാനി എന്നീ മൂന്നു തരം ആളുകളെ നിയോഗിച്ചിരുന്നതായി യിരെമ്യാവ് 18: 18, യെഹെസ്ക്കേൽ 7: 6 എന്നീ വാക്യങ്ങളിൽ കാണുന്നു. ദൈവ ജനത്തിന്റെ ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ദൈവീക ജ്ഞാനം എങ്ങനെ പ്രായോഗികമാക്കണം എന്നതാണ് സദൃശവാക്യങ്ങളിലെ ഉള്ളടക്കം.

സദൃശവാക്യങ്ങളിൽ 8-ാം അദ്ധ്യായത്തിൽ ജ്ഞാനത്തിന് ഒരു വ്യക്തിത്വം നൽകി സമ്പൂർണ്ണനായ ഒരു വ്യക്തിയായി ചിത്രീകരിച്ചിരിക്കുന്നു. സകല ജ്ഞാനത്തിന്റെയും ഉറവിടം ദൈവമാണ്. ഈ ജ്ഞാനം സത്യവും നീതിയും ധർമ്മവും നിറഞ്ഞതാണ് (8: 8,9). "അതിനെ കൈകൊള്ളുന്നവർക്ക് അതിനെ പ്രാപിക്കുവാൻ കഴിയും''. ഈ ജ്ഞാനം ക്രിസ്തുവിൽ ജഡമായി തീർന്നു. 'അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു (കൊലോ. 2: 3). "അവനിലല്ലോ ദൈവത്തിന്റെ സർവ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് (കൊലോ. 2: 9)''. നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും, നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിതീർന്നു"(1 കൊരി.1: 30). അങ്ങനെ ക്രിസ്തുവിനെ ജ്ഞാനത്തിന്റെ പ്രതിരൂപമായി ഈ ഗ്രന്ഥത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

ബൈബിളിലെ 66 പുസ്തകങ്ങളിൽ വെച്ച് മനുഷ്യ ജീവിതത്തിന്റെ പ്രായോഗിക തലങ്ങളെ ഇത്രയും സ്പർശിക്കുന്ന മറ്റൊരു ഗ്രന്ഥം ഉണ്ടാവില്ല. സങ്കീർത്തനങ്ങളും സദൃശവാക്യങ്ങളും കവിതാ രൂപത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യ ജീവിതത്തിന്റെ രണ്ടു വ്യത്യസ്ത മുഖങ്ങളാണ് ഈ രണ്ടു ഗ്രന്ഥങ്ങളിലും ദർശിക്കുവാൻ സാധിക്കുക. സദാ മുട്ടിന്മേൽ നിൽക്കുന്ന ഒരു ആദ്ധ്യാത്മിക മനുഷ്യനെയാണ് സങ്കീർത്തനങ്ങളിൽ ദർശിക്കുവാൻ സാധിക്കുന്നതെങ്കിൽ സങ്കീർണ്ണമായ ജീവിത പാതയിലൂടെ സഞ്ചരിക്കുന്ന ഒരു സാധാരണ മനുഷ്യനെയാണ് സദൃശവാക്യങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്.

സദൃശവാക്യങ്ങളുടെ പുസ്തകത്തെ ആധാരമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നു മുതൽ അവസാന അദ്ധ്യായം വരെയുള്ള ഭാഗങ്ങളിലെ ഓരോ വാക്യവും ശ്രദ്ധാപൂർവ്വം വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടു പിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. ജ്ഞാനത്തിന്റെ ആരംഭം എന്ത്?
2. ആരാണ് ബഹുമാനത്തെ അവകാശമാക്കുന്നത്?
3. ആരുടെ അധരങ്ങളിൽ നിന്നാണ് തേൻ ഇറ്റിറ്റു വീഴുന്നത്?
4. നീ നടക്കുമ്പോൾ അതു നിനക്കു വഴികാണിക്കും. ഏത്?
5. ജീവിച്ചിരിക്കേണ്ടതിന് കണ്ണിലെ കൃഷ്ണമണിപോലെ കാക്കേണ്ടതെന്ത്?
6. മുത്തിനെക്കാൾ നല്ലത്?
7. അനുഗ്രഹങ്ങൾ വരുന്ന ശിരസ്സ് ആരുടേത്?
8. യഹോവയ്ക്കു വെറുപ്പായുള്ള ഒരു കാര്യം എന്ത്?
9. ആരാണ് പച്ചയില പോലെ തഴയ്ക്കുന്നത് ?
10. ശാസന കേട്ടനുസരിക്കാത്തവൻ ?
11. മക്കളുടെ മക്കൾക്ക് അവകാശം വെച്ചേക്കുന്നതാർ?
12. ആർക്കാണ് മരണത്തിലും പ്രത്യാശയുള്ളത്?
13. കൂട്ടുകാരനെ നിന്ദിക്കുന്നവൻ ചെയ്യുന്നതെന്ത്?
14. ശാസന ഇഷ്ടപ്പെടാത്തതാര്?
15. നാശത്തിനു മുമ്പ് മനുഷ്യർക്ക് ഉണ്ടാകുന്നതെന്ത്?
16. വളരെ സ്നേഹിതന്മാരുള്ള മനുഷ്യനു സംഭവിക്കുന്നതെന്ത്?
17. യഹോവയുടെ കയ്യിൽ നീർത്തോടുപോലെ ഇരിക്കുന്നതെന്ത്?
18. ആരുടെ തൊണ്ടയ്ക്കാണു കത്തി വയ്ക്കേണ്ടത്?
19. വെള്ളിയിൽ നിന്നും കീടം നീക്കിക്കളഞ്ഞാൽ തട്ടാനു ലഭിക്കുന്നതെന്ത്?
20. തിന്നു തൃപ്തനായവൻ ചവിട്ടിക്കളയുന്നതെന്ത്?
21. പട്ടണത്തിൽ കോപാഗ്നി ജ്വലിപ്പിക്കുന്നതാർ?
22. 30-ാം അദ്ധ്യായം രചിച്ചയാളിന്റെ പിതാവാര്?
23. തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കുന്ന കണ്ണ് ആരുടേത്?
24. പാറയിൽ പാർപ്പിടമുണ്ടാകുന്ന ഒരു ജീവി?
25. 31-ാം അദ്ധ്യായം എഴുതിയതാര്?

## ഉത്തരങ്ങൾ

1. സങ്കീർത്തനം. 3
2. ദുഷ്ടന്മാരുടെ (സങ്കീ. 1 : 1)
3. ഭയത്തോടെ (2 : 11)
4. നീതിമാനെ (5 : 12)
5. ജാതികളെ (7 : 8)
6. ദരിദ്രനെ (9 : 18)
7. മൂഢൻ (14 : 1)
8. അവൻ കുലുങ്ങിപ്പോകയില്ല(15:5)
9. താഴ്ത്തും (18 : 27)
10. യഹോവയുടെ വിധികൾ (19 :10)
11. യഹോവയ്ക്ക് (24 : 1)
12. യഹോവയുടെ ശബ്ദം (29 : 9)
13. ശിക്ഷ (34 : 21)
14. ദുഷ്ടൻ (37 : 21)
15. ദുഷ്ടന്മാർ (58 : 4)
16. ശത്രുക്കൾ (68 : 1)
17. 90 -ാം സങ്കീർത്തനം
18. നീതിമാൻ (92 : 12)
19. മൂങ്ങ (102 : 6)
20. സങ്കീ. 110 : 4
21. സങ്കീ. 119
22. ഭാര്യ (128 : 3)
23. യഹോവ (146 : 9)
24. താഴ്മയുള്ളവരെ (149 : 4)
25. സങ്കീ. (150: 6)

## ശരിയുത്തരം അയച്ചവർ

അന്നമ്മ മത്തായി
കോളാർ, കർണാടക

ഹൃദ്യാ സുരേഷ്
പരശുവയ്ക്കൽ, തിരുവനന്തപുരം

ചിന്നമ്മ ചെറിയാൻ
തത്തമംഗലം, പാലക്കാട്

സ്മിത്ത് രാജ്
ആര്യനാട്, തിരുവനന്തപുരം

റീമാ എസ്. ഹെലെൻ
ദേവസ്വം ബോർഡ് ജംഗ്ഷൻ
തിരുവനന്തപുരം

ജ്യോതി. എസ് എൽ
മലയം, തിരുവനന്തപുരം

# ദൈവ വചനത്തിന്റെ മാഹാത്മ്യം ഏറ്റു വാങ്ങുവാൻ തുറക്കപ്പെടുന്ന ത്രിപുര

*കെ. കെ. ജോർജ്ജ്, മിഷൻ ഡയറക്ടർ*

ത്രിപുരയിലെ തദ്ദേശീയരായ ഗോത്രവർഗ്ഗക്കാരുടെ ഇടയിലാണ് ജി. എം.ഐയുടെ പ്രവർത്തനം പ്രധാനമായും നടക്കുന്നുത്. 26 ആദിവാസി ഗ്രാമങ്ങളിലായി നടക്കുന്ന പ്രവർത്തനം മുഖാന്തരം ഇതിനോടകം 130 പേർ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചിട്ടുണ്ട്.

ജി. എം.ഐ യുടെ ആഭിമുഖ്യത്തിൽ 5 മിഷൻ ഫീൽഡുകളിൽ പ്രെയർ ഹാളുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം തന്നെ താത്ക്കാലികമായി നിർമ്മിച്ചവയാണ്. പ്രതികൂല കാലാവസ്ഥ മുഖാന്തരം തകർന്നുപോയ 3 പ്രെയർ ഹാളുകൾ ഈയടുത്ത സമയത്ത് പുനർനിർമ്മിച്ചിട്ടുണ്ട്. എന്നാലും അവയുൾപ്പെടെ 4 ഹാളുകൾ ഇപ്പോഴും തകർച്ചയുടെ വക്കിലാണ്. അവ എത്രയും പെട്ടെന്ന് തന്നെ പുതുക്കിപ്പണിയേണ്ടത് വളരെ അത്യാവശ്യമാണ്.

ദൈനം ദിന ജീവിതചെലവുകൾ വളരെ കൂടുതലായി കാണപ്പെടുന്ന ഒരു സംസ്ഥാനമാണ് ത്രിപുര. വളരെയധികം വിഷമ സന്ധികളെ തരണം ചെയ്തുവേണം നമ്മുടെ മിഷണറിമാർക്ക് അവിടുത്തെ ഗ്രാമങ്ങളുടെ സുവിശേഷീകരണത്തിനായി പ്രയത്നിക്കുവാൻ.

7 സ്ഥലങ്ങളിലായി നടത്തപ്പെടുന്ന പ്രെയർസെല്ലുകളിലും അഞ്ച് പ്രെയർ ഹാളുകളിൽ നടത്തപ്പെടുന്ന കൂട്ടായ്മകളിലും ജനം ഉത്സാഹത്തോടെ കടന്നുവരുന്നു. ജന സംഖ്യയിൽ ഏറിയ പങ്കും ഹൈന്ദവരാണ്. അവരുടെ ഇടയിൽ നമ്മുടെ മിഷണറിമാർ സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തുന്നത്. 5 സ്ഥലങ്ങളിൽ നടത്തപ്പെടുന്ന സൺഡേ സ്ക്കൂളിൽ ധാരാളം കുഞ്ഞുങ്ങൾ കടന്നു വന്ന് ദൈവവചനം അഭ്യസിക്കുന്നു. റീജിയണൽ കോ ഓർഡിനേറ്റർ സഹോ. സുബ്രതാഗാംഗുലി കുടുംബമായി ത്രിപുരയിലെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. എല്ലാ മാസങ്ങളിലും മിഷണറിമാരെ സന്ദർശിക്കുവാനും പ്രവർത്തനങ്ങൾ വിലയിരുത്തുവാനും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു.

വെസ്റ്റ് ത്രിപുരയിൽ ഖുംലുംഗ് ഏരിയയിലെ മാണിക് ചന്ദ്രപാറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കുഞ്ചാ ദെബർമ്മ ബൊയാ ചന്ദ്രപാറ, സാതു പാറ, ദോക്കിയാ കോബ്രാ, മോഹൻ കോബ്രാ എന്നീ സ്ഥലങ്ങളിലാണ് സുവിശേഷം അറിയിച്ചുവരുന്നത്.

ബൊയാചന്ദ്രപാറയിലാണ് പ്രെയർ ഹാൾ പണിതിരിക്കുന്നത്. 40 പേർ ഇവിടെ വിശ്വാസികളായി ഉണ്ട്.

സഹോ. രഞ്ജിത് ഉദബർമ്മയുടെ നേതൃത്വത്തിൽ പായിലാബാഗോയിലെ പ്രെയർ ഹാളിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ 22 പേർ സംബന്ധിക്കുന്നു. അവരിൽ 14 പേർ ജലസ്നാനം സ്വീകരിച്ചവരാണ്. സഹോ. രഞ്ജിത് ദെബർമ്മയും പത്നി സ്വപ്ന ദെബർമ്മയും പായിലാ ബംഗയ്ക്കു പുറമെ ടക്കാർ ജലാപാറ, ബൊറായി സർദാർപാറ, മാഹിൻ ചൗധരി പാറ, ഗംഗാചെരാ എന്നീ ഗ്രാമങ്ങളിലും പ്രവർത്തിക്കുന്നു.

മലബട്ടിപാറ, സാബുംരാം പാറ, വാക്സാ കുട്ടായി പാറ, ജോയ്റാം മോസി പാറ, നേപ്പാളി ബസ്തി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സഹോദരൻ സുരജിത് ദെബർമ്മയുടെ നേതൃത്വത്തിൽ മലബട്ടി പാറയിലെ പ്രെയർ ഹാളിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ 24 പേർ വിശ്വാസികളായി ഉണ്ട്. ഇവരിൽ 14 വ്യക്തികൾ ജലസ്നാനം സ്വീകരിച്ചവരാണ്.

സഹോദരൻ മനുജ് ദെബർമ്മ വെസ്റ്റ് ത്രിപുരയിലെ ഖോവായി സബ് ഡിവിഷനിൽ പ്രവർത്തിക്കുന്നു. ഈ സഹോദരന്റെ നേതൃത്വത്തിൽ ഉട്ടലാബാരിയിലെ പ്രെയർ ഹാളിൽ അനുഗ്രഹിക്കപ്പെട്ട ഒരു കൂട്ടായ്മ നടന്നുവരുന്നു. 31 പേർ ഇവിടെ കൂട്ടായ്മയിൽ സംബന്ധിക്കുന്നു. 23 വ്യക്തികൾ ജലസ്നാനം സ്വീകരിച്ചവരാണ്. 3 പ്രെയർ സെല്ലുകളും സഹോ. മനൂജ് ദെബർമ്മയുടെ കീഴിൽ പ്രവർത്തിക്കുന്നു.

6 ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സഹോദരൻ അജോയ് ദെബർമ്മ 2010 ഡിസംബർ മാസം മുതലാണ് ജി.എം. ഐ. യിൽ ചേർന്ന് പ്രവർത്തിക്കുവാൻ ആരംഭിച്ചത്. സിപായി ഹോറിലെ പ്രെയർ ഹാളിൽ 22 പേർ കൂട്ടായ്മയിൽ പങ്കെടുക്കുന്നു. ഇവരിൽ 16 പേർ ജലസ്നാനം സ്വീകരിച്ചവരാണ്. അവിടെ നടക്കുന്ന സൺഡേ സ്ക്കൂളിൽ പത്തോളം കുട്ടികൾ കടന്നുവന്ന് ദൈവചനം പഠിക്കുന്നു.

സുവിശേഷ പ്രവർത്തനത്തിന് എടുത്തു പറയത്തക്ക പ്രതികൂലങ്ങൾ നിലവിലില്ലാത്ത സംസ്ഥാനമാണെങ്കിലും ഇവിടെയുള്ള ഗോത്ര വർഗ്ഗക്കാരെ സുവിശേഷീകരിക്കുക എന്നത് വളരെ ശ്രമകരമായ ഒരു ദൗത്യമാണ്. തദ്ദേശീയരായ മിഷണറിമാരെക്കൊണ്ട് മാത്രമേ ഇത് സാധിക്കുകയുള്ളു. അത്തരത്തിലൊരു പ്രവർത്തനത്തിനു തന്നെയാണ് ജി.എം.ഐ. ഇവിടെ മുൻതൂക്കം നൽകി വരുന്നത്. 6 മിഷണറിമാരും ത്രിപുരയിലെ തനതു ഗോത്രവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്. അവരുടെ ഇടയിൽ നിന്നും കൂടുതൽ മിഷണറിമാർ തിരഞ്ഞെടുക്കപ്പെടേണ്ടതുണ്ട്. ത്രിപുരയിലെ ജി.എം.ഐ മിഷൻ പ്രവർത്തനങ്ങളെ നേരിൽ കാണുവാനും വിലയിരുത്തുവാനും ലഭിച്ച അവസരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. പ്രതികൂല കാലാവസ്ഥകളിൽ തകർന്നുപോകാത്ത ചർച്ച് ഹാളുകൾ അവിടെ നിർമ്മിക്കേണ്ടതായുണ്ട്. അഭ്യുദയ കാംക്ഷികളുടെ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതിനായും ത്രിപുരയിലെ മിഷൻ പ്രവർത്തനങ്ങൾ ഇനിയും അഭിവൃദ്ധിയിലേക്ക് നയിക്കപ്പെടട്ടെ.






**മഹത്വത്തിന്റെ സാക്ഷികൾ:** *ത്രിപുരയിലെ വിവിധ മിഷൻ ഫീൽഡുകളിലുള്ള വിശ്വാസികളും അവിടത്തെ മിഷണറിമാരും*






**സാക്ഷികളുടെ വലിയ സമൂഹം:** *നറേല ദസറാ മൈതാനത്തിൽ നടന്ന യോഗങ്ങളിൽ ദൈവം ചെയ്ത അത്ഭുത അനുഭവങ്ങളെ സാക്ഷിക്കുന്നു. വിവിധ രോഗങ്ങളിൽ നിന്നും പൈശാചിക ബന്ധനങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച അനേകർ ഈ യോഗങ്ങളിൽ അനുഭവങ്ങൾ പ്രസ്താവിച്ചു.*

# ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന നിർദ്ധന കുടുംബങ്ങളെ പരിചയപ്പെടുക

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു" എന്നരുളിയ ക്രിസ്തുവിന്റെ വാക്കുകൾക്ക് നമ്മുടെ ജീവിതത്തിൽ എത്രത്തോളം പ്രസക്തിയുണ്ട്? ഈ എളിയവരെ സഹായിക്കുവാനുള്ള മനസ്സു നമുക്കുണ്ടോ? അവരെ കണ്ടെത്തുവാൻ നമുക്ക് കഴിയുന്നുണ്ടോ? ഒന്നു സ്വയം പരിശോധിച്ചാലും. കർത്താവിനു വേണ്ടി യഥാർത്ഥത്തിൽ എന്തെങ്കിലും ചെയ്യുന്നുണ്ടോ നാം...? ഇവിടെ കർത്താവിന്റെ വചനത്തെ ശിരസ്സാ വഹിച്ചു കൊണ്ട് അത് അന്വർത്ഥമാക്കുവാനായി നിങ്ങളെ സഹായിക്കുവാൻ ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയ്ക്ക് കഴിയും. അതാണ് ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷൻ (ഹഫാം) അഥവാ സന്തുഷ്ട കുടുംബ പദ്ധതി. നമുക്ക് ചുറ്റുമുള്ള എളിയവരെ കണ്ടു പിടിച്ച് അവരുടെ യോഗ്യത അറിഞ്ഞ് അവരെ സഹായിക്കുന്ന ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷനിലൂടെ ക്രിസ്തുവിന്റെ ഈ എളിയവരെ നിങ്ങളാൽ കഴിയുന്ന സഹായം; ഭക്ഷണം നൽകുന്നതിലൂടെ (പട്ടിണി നിവാരണം), ഭവനം വച്ച് നൽകുന്നതിലൂടെ, വിദ്യഭ്യാസത്തിൽ കൈപിടിച്ച് ഉയർത്തുന്നതിലൂടെ ..... ഇങ്ങനെ നമുക്കാവും വിധത്തിൽ നിർവ്വഹിക്കുവാൻ ഹഫാമിലൂടെ സാദ്ധ്യം.

ഇതുവരെ ഹഫാമിലൂടെ നിരാശയുടെ കരകേറാ കയത്തിൽ നിന്നും, പ്രത്യാശയുടെ സന്തോഷ തീരത്തേയ്ക്ക് പിടിച്ചുയർത്തപ്പെട്ടവരിൽ, ആത്മഹത്യയ്ക്ക് ഒരുങ്ങിയിരുന്നവർ, സ്വന്തം പിതാവിനാൽ പോലും പീഢിപ്പിക്കപ്പെട്ട് ജീവിതം തകർന്നു പോയവർ തുടങ്ങി ദാരിദ്രം നിമിത്തം സ്വന്തം കുഞ്ഞിനെ വിൽക്കുവാൻ ശ്രമിച്ചവർ വരെ ഉണ്ട്. നമുക്ക് ചുറ്റും ദൈനംദിന ജീവിതത്തിന് നിർവ്വാഹമില്ലാതെ വലയുന്ന, ഗൃഹനാഥൻ മരിച്ചു പോയതോ, രോഗിയായിരിക്കുന്നതൊ ആയ ദരിദ്ര കുടുംബത്തെ വ്യക്തമായ സർവ്വേകളിലൂടെ കണ്ടെത്തുകയും തുടർന്ന് അവരെ സഹായിക്കുവാൻ ശേഷിയുള്ള ഒരു സന്തുഷ്ട കുടുംബത്തെ കൊണ്ട് സന്ധാരണം ചെയ്ത്, പ്രതിമാസം ആവശ്യമുള്ള ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവരെയും ഒരു സന്തുഷ്ട കുടുംബമാക്കി തീർക്കുന്ന ഈ മഹനീയ പദ്ധതിയിലൂടെ പ്രത്യാശയുടെ തീരത്തേക്ക് നയിക്കപ്പെട്ട എളിയവരെ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിലൂടെ ചെയ്യുന്നത്.

ശ്രീമതി ലീല (43) തിരുവനന്തപുരം തുണ്ടുവിളാകം സ്വദേശിയാണ്. തന്റെ ഭർത്താവ് രോഗം ബാധിച്ച് മരണമടഞ്ഞു. ഇവർക്ക് രണ്ടു പെൺ മക്കളാണുള്ളത്. ദീപ (21), സന്ധ്യ (20). ഇരുവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരാണ്. ഇവർക്ക് എഴുന്നേറ്റ് നടക്കുവാനോ സ്വന്തം കാര്യങ്ങൾ നോക്കുവാനോ കഴിവില്ല. ലീല തൈറോയിഡ് രോഗത്താൽ ഭാരപ്പെടുന്ന വ്യക്തിയാണ്. മക്കളെ ശുശ്രൂഷിക്കുന്നതിനാൽ ജോലിക്ക് പോകുവാൻ സാധിക്കുന്നില്ല. യാതൊരു വരുമാനവുമില്ലാതെ ആഹാരത്തിനായി വളരെ കഷ്ടപ്പെട്ട ഈ കുടുംബത്തെ സന്തുഷ്ട കുടുംബ പദ്ധതിയിലൂടെ കണ്ടെത്താനും നിരാശയിലാണ്ടിരുന്ന ഇവർക്ക് പ്രത്യാശയുടെ പുതുവെളിച്ചം പകരുവാനും ഗ്രെയ്സ് മിനിസ്ട്രീസിന് സാധിച്ചു കൊണ്ടിരിക്കുന്നു.



*ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന കുടുംബം:*
*ശ്രീമതി ലീലയും രണ്ടു മക്കളും*

**പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും കാഠിന്യതയിൽ യാതൊരു വരുമാനവും സഹായങ്ങളുമില്ലാതെ ജീവിച്ചിരുന്ന ഇവരെ സന്തുഷ്ട കുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തു കൊണ്ടിരിക്കുന്നത് തിരുവനന്തപുരം, കൂവളശ്ശേരിയിലെ ശ്രീ. ക്രിസ്തുദാസ് അവർകളുടെ കുടുംബമാണ്.**

**1-ാം പേജിന്റെ തുടർച്ച...**

നല്കിയതും, 'ബ്രഹ്മകുമാരീസ്' സമൂഹത്തിന്റെ ആചാര്യയും മറ്റു പ്രമുഖരും മൂന്നാം ദിനയോഗത്തിൽ പങ്കെടുത്തതും തന്നെ ഇതിനു തെളിവാണ്.

വലിയ അത്ഭുതങ്ങളോടും അടയാളങ്ങളോടും തന്റെ മാറാത്ത വചനത്തിനു ഉറപ്പു നൽകിയ മഹോന്നതനായ ദൈവത്തിന്റെ പ്രവർത്തി നാം കണ്ണാൽ കാണുന്നതിലുമേറെ ആഴമുള്ളതാണെന്നു മനസ്സിലാവുന്നു. തന്റെ നാമത്തിൽ ഒരു ചെറിയ ചുവടു മുന്നോട്ടു വയ്ക്കുമ്പോൾ അതിലുമപ്പുറമായ വൻ പ്രവർത്തി വെളിപ്പെടുത്തിക്കൊണ്ട് തന്റെ വേല നിറവേറ്റുന്ന ശക്തനായ കർത്താവിനു വേണ്ടി നമുക്കിനിയും മുന്നേറാമോ? ഈ നാളുകളിൽ ഏറ്റവും ഫലവത്തായിതീരുന്ന ക്രിസ്തുവിൻ ശുശ്രൂഷക്കുവേണ്ടി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, ചെലവിടാം.




**സാക്ഷികളുടെ വലിയ സമൂഹം:** *നറേല ദസറാ മൈതാനത്തിൽ നടന്ന യോഗങ്ങളിൽ ദൈവം ചെയ്ത അത്ഭുത അനുഭവങ്ങളെ സാക്ഷിക്കുന്നു*



*രാജൻ ജെ. ആഷെർ*

# ആരാധന ജീവിതമാണ്; ജീവിതം സംഗീതമയവും

ഒരു പക്ഷെ ക്രിസ്ത്യാനികൾ ഏറ്റവും അധികം പറയുന്നതും തെറ്റിധരിച്ചിരിക്കുന്നതും വികലമായി വിശദീകരിച്ചു പ്രചരിപ്പിക്കുന്നതും "ആരാധന'' ആയിരിക്കും. അനവസരത്തിലും അർത്ഥം ഉൾക്കൊള്ളാതെയുമുള്ള ദുരുപയോഗം കൊണ്ട് ആ പദത്തിന്റെ ഉദാത്തതയും അന്തസും നഷ്ടപ്പെട്ടിരിക്കുന്നു.

സംഗീതവും അങ്ങനെ തന്നെ. മനുഷ്യനിർമ്മിതമായ ഏതെങ്കിലും സാമഗ്രിയോ ഉപകരണമോ മുമ്പ് എപ്പോഴോ ക്രമീകരിച്ചു വച്ചതനുസരിച്ച് യാന്ത്രികമായുണ്ടാക്കുന്ന, അസ്വസ്ഥ ജനകമായ, അവതാളത്തിലുള്ള കോലാഹലമല്ല സംഗീതം. സംഗീതം ആത്മാവിന്റെ ഗീതമാണ്; ജീവിതത്തിന്റെ താളമാണ്.

### ആരാധന, യാഗം

ദൈവം പറഞ്ഞത് അനുസരിച്ചു സ്വന്തം മകനെ, വാർദ്ധക്യത്തിൽ ദൈവം നല്കിയ മകനെ, ഹോമയാഗം കഴിക്കാൻ കയറിപ്പോയപ്പോൾ "ഞാനും ബാലനും അവിടെച്ചെന്ന് ആരാധന കഴിച്ചുമടങ്ങിവരാം" (ഉല്പ. 22: 5) എന്നാണു അബ്രഹാം ബാല്യക്കാരോടു പറഞ്ഞത്. അബ്രഹാം സ്വപുത്രനെ ഹോമയാഗമായി അർപ്പിച്ചതു പിന്നീട് എബ്രായലേഖന (11:18)ത്തിലൂടെയും യാക്കോബി(2:21)ലൂടെയും പരിശുദ്ധാത്മാവ് സ്ഥിരീകരിച്ചിട്ടുമുണ്ട്.

ഹൃദയത്തിൽ നിറഞ്ഞിരുന്ന ദൈവത്തോടുള്ള ഭക്തി ബഹുമാനാദരവുകളുടെ ബാഹ്യപ്രകടനമാണ് ആ യാഗത്തിൽ നാം കാണുന്നത്. ദൈവത്തോടുള്ള സ്നേഹവും നന്ദിയും അത്രമാത്രമുണ്ടായിരുന്നു അദ്ദേഹത്തിന്.

"ഞാൻ നിന്റെ അതിമഹത്തായ പ്രതിഫലം ആകുന്നു" (ഉല്പ. 15:1) എന്ന ദൈവിക അരുളപ്പാടു നേരിട്ടു കേട്ട അബ്രഹം ദൈവം നല്കിയ പ്രതിഫലത്തെ (സങ്കീ. 127: 3) ക്കാൾ അതിമഹത്തായ പ്രതിഫലമായ ദൈവത്തെ കൂടുതൽ സ്നേഹിച്ചു. അതുകൊണ്ടു ദാനത്തെ ദാതാവിനു നല്കാൻ അദ്ദേഹം മടിച്ചില്ല. അതാണു സത്യാരാധന.

ആരാധനയെന്നും നമസ്കാരം എന്നും മൊഴിമാറ്റം ചെയ്തിട്ടുള്ള Shachah എന്ന എബ്രായ പദത്തിനു to prostrate oneself, bow oneself down, crouch, fall down, humbly beseech, worship, തന്നെത്താൻ താഴ്ത്തുക, ആദരവോടെ പ്രണാമം ചെയ്യുക, വണങ്ങുക, അടിപണിയുക എന്നൊക്കയാണ് അർത്ഥം. മുട്ടുകുത്തി മുഖം (നെറ്റി) നിലത്തു മുട്ടിച്ചായിരുന്നു അക്കാലത്ത് ആളുകൾ ആദരം പ്രകടിപ്പിച്ചിരുന്നത്. ഏത് അർത്ഥത്തിലും കീഴടങ്ങലും വിധേയത്വ (submission)വും പ്രകടിപ്പിക്കുന്നതാണ് ആരാധന. "ആരാധിച്ചു" (ഉല്പ. 13: 4) എന്നു മൊഴി മാറ്റിയിരിക്കുന്ന Qara എന്ന പദത്തിനു വിളിച്ചപേക്ഷിക്കുക, പ്രാർത്ഥിക്കുക എന്നാണർത്ഥം.

### സത്യനമസ്കാരം

ശമര്യയിലെ സ്ത്രീയോട് യേശു പറഞ്ഞത് Shachah എന്ന എബ്രായ പദത്തിന്റെ അതേ അർത്ഥങ്ങളുള്ള Proskuneo (യോഹ. 4:24) എന്ന യവനപദമാണ്. താൻ, ആരാധിക്കുന്ന ആളിന്റെ മുന്നിൽ 'ഒന്നും അല്ല' എന്നു സത്യസന്ധമായി അംഗീകരിക്കാൻ കഴിയുന്ന ആൾക്കു മാത്രമേ ആ ആളിന്റെ മുന്നിൽ നിലം വരെ കുനിയാൻ സാധിക്കൂ. ദൈവമുമ്പിൽ നമസ്കരിക്കുമ്പോൾ ആ ഭാവം ഇല്ലെങ്കിൽ അതു ദൈവത്തിനു സ്വീകാര്യമല്ല എന്നോർക്കുക. നമസ്കാരം നിസ്സഹായതയാണു കാണിക്കുന്നത്.

യേശു പറഞ്ഞതു നമസ്കരിക്കുന്നതു സത്യത്തിൽ ആയിരിക്കണം എന്നാണ്. അന്തർഭാഗത്തിലെ സത്യമാണു ദൈവം ആഗ്രഹിക്കുന്നത് (സങ്കീ. 51: 6).

അവതരണങ്ങൾ (Presentations)ക്കും അനുകരണങ്ങൾക്കും അവിടെ സ്ഥാനമില്ല. ഭക്തിയുടെ വേഷം ഗുണം ചെയ്യില്ല. യേശുവിന്റെ വാക്ക് Aletheia (യോഹ. 4: 24) ആണ്.The reality lying at the basis (bottom) of an appearance , പ്രകടമാക്കപ്പെടുന്നതിന്റെ അടിസ്ഥാന യാഥാർത്ഥ്യം, അന്തർലീനമായ സത്ത, സാക്ഷാത് ആയത് എന്നൊക്കെ ആ പദത്തിന് അർത്ഥമുണ്ട്. Aletheia വെറും elthical truth അല്ല. Truth as opposed to types, emblems, symbols മാതൃക, അടയാളം, പ്രതീകം നിഴൽ എന്നിവയുടെ പൊരുൾ - സത്ത - അതാണ് Aletheia. യാഗങ്ങളും പുരോഹിതന്മാരും വരുവാനുള്ളവയുടെ നിഴൽ (പ്രതീകം)(എബ്രാ.10:1) ആയിരുന്നല്ലോ.

### നമസ്കരിക്കേണ്ടത് ആത്മാവ്

Pneuma എന്ന യവന പദമാണു യേശു ഉപയോഗിച്ചത്. The totality of man's inner nature, the inner man, the element in man by which he perceives, reflects, മനുഷ്യനിലെ അദൃശ്യവും ഗൂഢവുമായ പൂർണ്ണ ആളത്വം, അറിയാനും, നിരീക്ഷിക്കാനും, വിചിന്തനം ചെയ്യാനും കഴിയുന്ന ഗൂഢ മനുഷ്യൻ ഘടകം എന്നെല്ലാം ഈ പദത്തിന് അർത്ഥം കൊടുക്കാം.

"ഞാൻ ശരീരം കൊണ്ടു ദൂരസ്ഥനെങ്കിലും ആത്മാവ് (Pneuma) കൊണ്ടു നിങ്ങളുടെ കൂടെ ഉണ്ട്"(1 കൊരി. 5: 3). "ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു" (ദാനി. 1:8) എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

> യേശു പറഞ്ഞ ആരാധന ഇക്കാലത്തു പലയിടങ്ങളിലും ആത്മാവിലെന്ന ഭാവത്തിൽ നടക്കുന്ന (നടത്തുന്ന) കൈകൊട്ടിക്കളിയും ഇളകിയാട്ടവും ആർപ്പും അട്ടഹാസവും അല്ല. ചിട്ടയായി എഴുതിത്തയ്യാറാക്കി അച്ചടിച്ചുവച്ചിരിക്കുന്നതെന്തെങ്കിലും വായിക്കുകയും പറയിപ്പിക്കുകയും ചെയ്യുന്നതും അല്ല; പ്രത്യുത സ്വയം ദൈവ സന്നിധിയിൽ താഴ്ത്തി തകർന്ന ഹൃദയത്തോടെ, സമർപ്പിച്ചു പ്രണമിക്കുന്നതാണ്. കുനിക്കേണ്ടതു സ്വന്തം അഹംഭാവത്തെയാണ്, സ്വയത്തെയാണ്. തലയും ശരീരവും പ്രതീകമായി കുനിക്കുകയാവാം.

മനുഷ്യന്റെ ശരീരം കൊണ്ടുള്ള പ്രകടനങ്ങൾ അല്ല, ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തു നടക്കുന്ന ചടങ്ങുകളും അല്ല ആരാധന. പ്രത്യുത മനുഷ്യന്റെ അന്തരാത്മാവ് അഥവാ അവന്റെ പൂർണ്ണ ആളത്വമാണ് ആത്മാവായ ദൈവ മുമ്പിൽ നമസ്കരിക്കേണ്ടത്. ഹൃദയം, മനസ്, ചിലപ്പോൾ ആത്മാവ്(1 കൊരി. 5: 2) എന്നൊക്കെ പറയുന്ന യഥാർത്ഥ മനുഷ്യൻ, അഹങ്കാരവും താൻ പോരിമയും തിമിർപ്പും കൊണ്ടു കഠിനമായിരിക്കുന്ന മനുഷ്യൻ, മനഃപൂർവ്വം ദൈവ മുന്നിൽ വണങ്ങുന്നതാണു വിവക്ഷ.

ചുരുക്കത്തിൽ, യേശു പറഞ്ഞ ആരാധന ഇക്കാലത്തു പലയിടങ്ങളിലും ആത്മാവിലെന്ന ഭാവത്തിൽ നടക്കുന്ന (നടത്തുന്ന) കൈകൊട്ടിക്കളിയും ഇളകിയാട്ടവും ആർപ്പും അട്ടഹാസവും അല്ല. ചിട്ടയായി എഴുതിത്തയ്യാറാക്കി അച്ചടിച്ചുവച്ചിരിക്കുന്നതെന്തെങ്കിലും വായിക്കുകയും പറയിപ്പിക്കുകയും ചെയ്യുന്നതും അല്ല; പ്രത്യുത സ്വയം ദൈവ സന്നിധിയിൽ താഴ്ത്തി തകർന്ന ഹൃദയത്തോടെ, സമർപ്പിച്ചു പ്രണമിക്കുന്നതാണ്. കുനിക്കേണ്ടതു സ്വന്തം അഹംഭാവത്തെയാണ്, സ്വയത്തെയാണ്. തലയും ശരീരവും പ്രതീകമായി കുനിക്കുകയാവാം.

വസ്ത്രം കീറൽ പതിവാക്കിയിരുന്ന പഴയ ആരാധകരോടു ദൈവം പറഞ്ഞത് ഓർമ്മയുണ്ടോ? വസ്ത്രം കീറൽ നിർത്തിയിട്ടു ഹൃദയങ്ങളെ കീറിക്കൊണ്ടു ദൈവത്തിലേക്കു തിരിക്കുക (യോവേൽ 2: 13). ഹൃദയം കീറി രക്തം ഒഴുകിക്കൊണ്ടിരിക്കുന്നയാൾക്ക് അട്ടഹസിക്കാൻ പറ്റുമോ? തകർന്ന ഹൃദയത്തെയാണു ദൈവം കടാക്ഷിക്കുന്ന (സങ്കീ. 51: 16,17)ത് എന്ന ദാവീദിന്റെ സാക്ഷ്യം മറക്കരുത്.

### മുട്ടുകുത്തുക

Bless the LORD O! my soul (സങ്കീ. 103: 1)എന്ന ദാവീദിന്റെ വാക്കുകൾ നമ്മുടെ ഭാഷയിൽ മൊഴി മാറ്റിയിരിക്കുന്നത്, എൻ മനമേ (ഹൃദയമേ) ദൈവത്തെ വാഴ്ത്തുക എന്നാണ്. Barak എന്നു ദാവീദ് ഉപയോഗിച്ച എബ്രായ പദത്തിന് അർത്ഥം മുട്ടുകുത്തുക, to bend the knees, to kneel down, kneel to receive a blessing, kneel to pray, kneel to praise എന്നൊക്കെയാണ്.

നമ്മെ നിർമ്മിച്ച ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്തുക (സങ്കീ. 95: 6) ദൈവത്തെ നമസ്കരിക്കുന്നവർ ഹൃദയം (മുഴുവൻ ആളത്വം) അവിടുത്തെ മുമ്പിൽ കുമ്പിട്ടു വേണം അതു നിർവ്വഹിക്കാൻ. ദൈവത്തിന് അങ്ങോട്ട് എന്തെങ്കിലും കൊടുത്തിട്ടു തിരികെ പ്രാപിക്കാൻ ശ്രമിക്കരുത്, ദൈവത്തിനു കൊടുക്കേണ്ടതു നിങ്ങളെ തന്നെയാണ്.

### ബുദ്ധിയുള്ള ആരാധന

മുകളിൽ പറഞ്ഞ ആശയങ്ങൾ എല്ലാം സമന്വയിപ്പിച്ചു ബുദ്ധിയുള്ള ആരാധന എന്താണെന്നു പൗലൊസ് വിശദമാക്കുന്നു. "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി അർപ്പിക്കുവിൻ (റോമ.12: 1). ലേവ്യ യാഗത്തിലെ യാഗമൃഗത്തെ പോലെ സമൂലം വെന്തുവെണ്ണീറാകാൻ സ്വയം യാഗമായി അർപ്പിക്കുന്നതാണു ക്രിസ്തീയ ആരാധന.

ഇവിടെ യാഗവസ്തുവും യാഗാർപ്പകനും ഒരാൾ തന്നെ. ''അവർ സന്തോഷത്തോടെ സ്തോത്രം ചെയ്തു തല കുനിച്ചു നമസ്കരിച്ചു. 'നിങ്ങൾ ഇപ്പോൾ യഹോവയ്ക്കു നിങ്ങളെ തന്നെ നിവേദിച്ചിരിക്കുന്നു'' (2ദിന. 29: 31), യെഹിസ്കിയാവ് രാജാവിന്റെ വാക്കുകളുടെ അർത്ഥം അറിയുക.

### ആരാധനയും സഭായോഗവും

വിശുദ്ധന്മാരുടെ കൂടിവരവുകളെ സഭായോഗം എന്നാണു തിരുവചനം പരാമർശിക്കുന്നത്. ആദ്യം മുതലേ യേശുവിന്റെ പുനരുത്ഥാന ദിനമായ ആഴ്ചയുടെ ആദ്യ ദിവസം രാവിലെ വിശുദ്ധന്മാർ കൂടിവന്നിരുന്നു. ''തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കാൻ അന്യോന്യം കരുതണം" (എബ്രാ. 10:25). അതാണു സഭായോഗങ്ങളിൽ നടക്കേണ്ടത്.

*(ശേഷം അടുത്ത പേജിൽ)*

# ഭാരതം കാത്തിരിക്കുന്നു 37

## ജോൺ വില്യംസ്

*സരള ഓസ്റ്റിൻ*

1796-ൽ ഇംഗ്ലണ്ടിലാണ് ജോൺ വില്യംസ് ജനിച്ചത്. വിദ്യാഭ്യാസ കാലം മഹാ ഉഴപ്പനായിരുന്ന ജോൺ 1814 -ൽ മാനസനാന്തരപ്പെടുകയും സുവിശേഷ പ്രവർത്തനങ്ങൾക്ക് ഉൽസാഹം കാണിക്കുകയും ചെയ്തു. ഓൾഡ് വൈറ്റ് ഫീൽഡിലെ ചർച്ചിൽ സണ്ടേ സ്ക്കൂൾ പഠിപ്പിക്കുന്നതിനും സുവിശേഷ പ്രതികൾ വിതരണം ചെയ്യുന്നതിനും രോഗികളെ സന്ദർശിക്കുന്നതിനും താൻ ഉത്സാഹം കാണിച്ചുതുടങ്ങി.

1817 -ൽ ലണ്ടൻ മിഷണറി സൊസൈറ്റിയുടെ മിഷണറിയായി തന്റെ ഭാര്യ മേരി ഷോണഗോടൊപ്പം ദക്ഷിണ പെസഫിക്കിലെത്തി. പോളിനേഷ്യക്കാരുടെ ദൈവത്തിന്റെ ഭവനമെന്നറിയപ്പെടുന്ന റയറ്റിയായിൽ 13 വർഷം താമസിച്ചു പ്രവർത്തിച്ചു. നരബലിയും ശിശുബലിയും നിത്യവും നടന്നുവന്ന ഒരു സ്ഥലമായിരുന്നു അത്. ഈ മിഷണറിമാർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നു.

ഈ ജനങ്ങളോട് സുവിശേഷമറിയിക്കുക എന്നുള്ളത് ഒരു വെല്ലുവിളിയായിരുന്നു. ജനങ്ങളുടെ സംസ്കാരത്തെ ഉന്നതമാക്കുന്നതിനായിരുന്നു വില്യംസ് മുൻതൂക്കം നൽകിയത്. ചെറിയ വീടുകൾ നിർമ്മിക്കുന്നതിലും കുടിൽ വ്യവസായങ്ങളിൽ പങ്കുചേരുന്നതിലും അദ്ദേഹം അവരെ പരിശീലിപ്പിച്ചു.

സാംസ്കാരിക പ്രവർത്തനങ്ങളോടോപ്പം വ്യക്തിപരമായ സുവിശേഷീകരണം, ഞായറാഴ്ചകളിലും മറ്റു ദിവസങ്ങളിലുമുള്ള ആരാധന എന്നിവയ്ക്കായി അദ്ദേഹം പ്രത്യേകം സമയം കണ്ടെത്തി. ഭാവി ശുശ്രൂഷകയെ മുന്നിൽ കണ്ടുകൊണ്ട് തദ്ദേശിയ സുവിശേഷകരെ വാർത്തെടുക്കുന്നതിൽ അദ്ദേഹം അത്യന്തം ഉത്സാഹിച്ചു. ഒരു കൊച്ചു കപ്പൽ ഉണ്ടായിരുന്നതിനാൽ ദ്വീപുകളിൽ നിന്നും ദ്വീപുകളിലേയ്ക്ക് സഞ്ചരിക്കുവാൻ പ്രയാസമുണ്ടായില്ല. കൂടുതൽ ദ്വീപുകളും ജനസംഖ്യ വളരെ കുറഞ്ഞവയായിരുന്നു. വില്യംസിന്റെ വിശാലമായ പ്രവർത്തനങ്ങളെ വ്യാപാര കാര്യങ്ങളിൽ ഇടപെടുന്നു എന്ന കാരണത്താൽ മിഷൻ ഡയറക്ടർ പരസ്യമായും നിശിതമായും വിമർശിച്ചു. അത് വില്യംസിനെ സാമ്പത്തിക പ്രതിസന്ധിയിലേക്കു നയിച്ചു. ദ്വീപുകളിലൂടെ സ്വതന്ത്രമായി യാത്ര ചെയ്യാനുള്ള സൗകര്യം നഷ്ടപ്പെട്ടതോടെ സ്വന്തം ദ്വീപിലെ ജനങ്ങളിലേക്കു തിരിഞ്ഞു. ആ ദ്വീപിലെ ഭാഷയിൽ ബൈബിൾ പരിഭാഷപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് താൻ ബോധവാനായി.

സുവിശേഷത്തിനുവേണ്ടി ജ്വലിക്കുന്ന ഹൃദയം തന്നെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. തന്റെ ആരോഗ്യം നശിച്ചപ്പോൾ പോലും അതിനെ ധീരതയോടു നേരിട്ട പോരാളിയാണ് വില്യംസ്. സ്വന്തം ഭാര്യ ബലഹീനയായപ്പോഴും ആ പോരാളി തളർന്നില്ല. താൻ ലക്ഷ്യം വച്ചിരിക്കുന്നതിൽ നിന്നും പിൻമാറാൻ ഒരിഞ്ചുപോലും ശ്രമിച്ചില്ല. തനിക്കു ജനിച്ച പത്തു മക്കളിൽ എട്ടുപേരും ചെറുപ്പത്തിൽ തന്നെ മരിച്ചപ്പോഴും അസാധാരണമായ ധൈര്യമായിരുന്നു ആ മുഖത്ത്.

1834 ആയപ്പോഴേക്കും 2000 മൈൽ ചുറ്റളവിൽ അദ്ദേഹം എല്ലാ ദ്വീപുകളും സന്ദർശിച്ചു കഴിഞ്ഞിരുന്നു. ആ വർഷം താൻ ഇംഗ്ലണ്ടിലെത്തിയപ്പോൾ കാന്റർബറിയിലെ ആർച്ച് ബിഷപ്പ് ഇപ്രകാരം പറഞ്ഞു "ജോൺ വില്യംസിന്റെ പ്രവർത്തനങ്ങൾ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളോടൊപ്പം ഒരദ്ധ്യായം കൂടി എഴുതിച്ചേർക്കുന്നു".

1839 നവംമ്പർ മാസം അദ്ദേഹം തന്റെ ഭാര്യയോടും മറ്റു കുടുംബംഗളോടും വിട പറഞ്ഞ് സ്വദേശീയരായ മിഷണറിമാരോടൊപ്പം ഇറോമാംഗോ ദ്വീപിലേക്ക് യാത്രയായി. ഇറോമാഗോ ദ്വീപിൽ എത്തിയ മിഷണറിമാർക്കു നേരെ യാദൃശ്ചികമായ ആക്രമണമുണ്ടായി. വില്യംസിന് രക്ഷപ്പെടുന്നതിന് അവസരമുണ്ടായിരുന്നിട്ടും തന്റെ ശ്രമം വിജയിച്ചില്ല. കിരാതരുടെ കയ്യിൽ അകപ്പെട്ട ജോൺ വില്യംസ് കൊല്ലപ്പെട്ടു. മിഷണറിമാരിൽ ഒരാൾ ഒരു വള്ളത്തിന്റെ സഹായത്തോടെ കാംഡണിൽ തദ്ദേശീയരിൽ ചിലരോടൊപ്പം കയറിപ്പറ്റി. തീരത്തു നിന്നും തങ്ങളുടെ സുഹൃത്തുക്കളുടെ മൃത ശരീരങ്ങൾ വീണ്ടെടുക്കണമെന്ന് ആഗ്രഹമുണ്ടായെങ്കിലും അതിനു സാധിക്കാതെ സിഡ്നിയിലേക്ക് സഹായത്തിനായി മടങ്ങേണ്ടിവന്നു.

ജോൺവില്യംസിന് അപകടം മണത്തറിഞ്ഞ് രക്ഷപ്പെടാമായിരുന്നു എന്ന് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ കരുതുന്നു. എങ്കിലും സുവിശേഷത്തിനുവേണ്ടി താൻ തന്നെ അവിടെ എരിഞ്ഞടങ്ങുക എന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. അദ്ദേഹത്തിന്റെ മരണം അന്നാട്ടിലെ ക്രിസ്തീയ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തി.

സ്വന്തം ജീവനെപ്പോലും തൃണവൽഗണിച്ചുകൊണ്ട് കർത്താവിനുവേണ്ടി കത്തി ജ്വലിച്ച യോദ്ധാവായിരുന്നു ജോൺ വില്യംസ്. വിശാല മനസ്സിനുടമയായ അദ്ദേഹത്തെപ്പോലുള്ള ധീരയുവാക്കൾക്കായി ഭാരതം കാത്തിരിക്കുന്നു.

✵

---

**8-ാം പേജിന്റെ തുടർച്ച...**

നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനു സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്..... സകലവും ആത്മീയ വർദ്ധനയ്ക്കായി ഉതകണം... സകലവും ഉചിതമായും ക്രമമായും നടക്കണം ( 1 കൊരി. 14: 26, 39) സഭായോഗങ്ങൾ ആത്മീയ വർദ്ധനയ്ക്കുള്ള, വിശുദ്ധന്മാർ ആത്മീയ ഗൃഹമായി പണിയപ്പെടാനുള്ള അവസരങ്ങളാണ്. അവിടെ ഗായകസംഘങ്ങളും ഇതര പ്രകടനങ്ങളും ഇല്ല. അവിടെ ശക്തിപ്പെടുലും ശക്തി പ്രകടനവുമില്ല. കൂട്ടായ്മയുടെ, പങ്കിടലിന്റെ ഉദാത്തത മാത്രം.

ദൈവമക്കൾ ഒന്നിച്ചു പാടരുതെന്നല്ല പറയുന്നത്. സഭായോഗങ്ങൾ രക്ഷിക്കപ്പെട്ട, വിടുവിക്കപ്പെട്ടവരുടെ കൂട്ടായ്മായോഗങ്ങളാണ്. ദൈവവചനം പഠിക്കാനുള്ള അവസരങ്ങളാണ്. കീർത്തനങ്ങൾ പോലും ആ ലക്ഷ്യത്തോടെ ആയിരിക്കണം(കൊലോ. 3: 16, എഫെ. 5: 19).

### ആരാധനയും സംഗീതവും

ജീവിതം താളലയ നിബിഡമാണ്. സൃഷ്ടി ജാലങ്ങൾ സംഗീത മുതിർത്തുകൊണ്ടിരിക്കുന്നു. മനുഷ്യ ശരീരത്തിനു, ഹൃദയ സ്പന്ദനത്തിന് ഒരു താളമുണ്ടെന്ന് അറിവുള്ളവർ പറയുന്നു. താളാത്മകമായ സംഗീതത്തിനു മനുഷ്യ മനസുകളെ വേഗം സ്വാധീനിക്കാനാവും. ആശയസംവേദനക്ഷമതയും സംഗീതത്തിന് ഏറെയാണ്. ഏതു മനസിലും സംഗീതം വേഗം കയറിപ്പറ്റും.

പക്ഷെ ഇരുട്ടിന്റെ ശക്തികളാണു സംഗീതത്തിന്റെ ഈ അനുപമ സാദ്ധ്യത ഏറെ ചൂഷണം ചെയ്യുന്നത് എന്നതു ദുഃഖകരം. അതുപോലെ തന്നെ ദുരുപദേശങ്ങളും വേഗം പ്രചരിക്കുന്നതു സംഗീതത്തിലൂടെയാണ്. നമ്മുടെ നാട്ടിൽ ധാരാളം പ്രചരിച്ച "കെട്ടുകൾ പൊട്ടും തീ കത്തീടും" പാട്ടു സാമാന്യ ബുദ്ധിയെ മാത്രമല്ല, ദൈവവചനത്തെയും അപഹസിക്കുന്നു എന്നു നാം അറിയാതിരിക്കരുത്.

ഇന്നെല്ലാം കച്ചവടമാണ്; സംഗീതവും ആരാധനയും എല്ലാം. കെട്ടറുക്കാൻ കാത്തുനിൽക്കുന്ന ഭക്തജനത്തെ ഡ്രം ബീറ്റും ചടുലമായ ചലനങ്ങളും ഇളക്കി മറിക്കുമ്പോൾ, സംഗീതാഭാസം "ആരാധന" യായി കത്തിക്കയറുകയായി.

### പാട്ടിന്റെ ധർമ്മം

താളമുള്ള വരികൾ ഗദ്യത്തെക്കാൾ വേഗം മനസിൽ പതിയും. ഏറെക്കാലം മറന്നു പോകാതിരിക്കുകയും ചെയ്യും. ഹൃദയത്തിൽ കവിത നിറയുന്നവരുടെ ചുണ്ടിൽ അതു താളം പിടിച്ചു നില്ക്കും. അത് അടുത്ത തലമുറ കേട്ടറിയും: ദൈവ വചനം സമുദ്രത്തിനക്കരെയോ സ്വർഗ്ഗങ്ങൾക്കു മുകളിലോ അല്ല, മനുഷ്യന് അനുസരിക്കാൻ തക്കവിധം അവ അവന്റെ വായിലും അവന്റെ ഹൃദയത്തിലും ഉണ്ട് (ആവ. 30 : 11 -14).

മോശയ്ക്കു ദൈവം അവസാനം നല്കിയ പ്രധാന നിർദ്ദേശങ്ങളിലൊന്ന് ഒരു പക്ഷേ, ഇതാകാം: ഈ പാട്ട് എനിക്കു സാക്ഷിയായിരിക്കും. അത് അവർക്കു വായ്പാഠമാക്കികൊടുക്കുക.... അവരുടെ സന്തതിയുടെ വായിൽ നിന്നു മറന്നു പോകാത്ത ഈ പാട്ട് അവരുടെ നേരെ സാക്ഷ്യം പറയും (ആവ. 31: 19-22). നാം പാടുന്ന പാട്ടുകൾ നമുക്കു വിരോധമായി സാക്ഷി പറയുമെന്ന് ഓർത്തു കൊള്ളുക.

### പാട്ട് തമ്മിൽ പഠിപ്പിക്കാൻ

പാട്ടിന്റെ മറ്റൊരു ധർമ്മം പൗലൊസ് വിവരിക്കുന്നു. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും (തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും) നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും കീർത്തനം ചെയ്തും, ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ (ഫിലി. 5: 18,19, കൊലൊ. 3:16).

തമ്മിൽ പഠിപ്പിക്കാനും ബുദ്ധി ഉപദേശിക്കാനും ആണ് ആത്മീയ ഗീതങ്ങൾ. അല്ലാതെ വിനോദിക്കാനോ വിനോദിപ്പിക്കാനോ ആകരുത് അവ. നമ്മുടെ ഹൃദയങ്ങളിൽ നിന്ന് ആ പാട്ട് - വീണ്ടെടുപ്പിന്റെ കരുതലിന്റെ ഗാനം - കേൾക്കാനാണു ദൈവത്തിന് ഇഷ്ടം. അതുകൊണ്ട്, നമുക്കു പ്രാഗത്ഭ്യത്തോടെ ഹൃദയത്തിൽ നിന്നുപാടാം:

"എന്നെയും എനിക്കുള്ള
സകലത്തെയും
യാഗമായി അർപ്പണം ചെയ്യുന്നു
ഞാൻ"

**ഇത്രയും കൂടെ:**

*"ജയത്തിന്റെയും ഉല്ലാസത്തിന്റെയും ഘോഷം നീതിമാൻമാരുടെ കൂടാരങ്ങളിൽ" (സങ്കീ. 118: 15) ആണ് ഉയരേണ്ടത്, വിശുദ്ധന്മാരുടെ സഭായോഗങ്ങളിൽ അല്ല.*

✸

# ഭാഗം 64 ക്രൈസ്തവസഭയുടെ ചരിത്രം

## ഉയരത്തിലെ ശക്തിയാൽ നിറഞ്ഞ ഡി. എൽ. മൂഡി

*എൻ. ജസ്റ്റിൻരാജ്*

**1837** ഫെബ്രുവരി 5-ാം തീയതി അമേരിക്കയിലെ മസാച്ചുസെറ്റ്സി ലുള്ള നോർത്ത് ഫീൽഡ് എന്ന സ്ഥലത്ത് ഒരു കർഷക കുടുംബ ത്തിൽ ഡൈറ്റ് എൽ. മൂഡി ജനിച്ചു. മാതാപിതാക്കൾ ദരിദ്രയായിരുന്നതി നാലും മൂഡിക്ക് നാലു വയസ്സ് ഉള്ള പ്പോൾ തന്നെ പിതാവ് മരിച്ചതി നാലും പ്രാഥമിക വിദ്യാഭ്യാസം പോലും നേടുവാനുള്ള ഭാഗ്യം മൂഡി ക്കുണ്ടായില്ല. കല്പണിവശമായിരുന്ന തിനാൽ 17-ാമത്തെ വയസ്സിൽ ബോസ്റ്റണിലേക്കു പോയ അദ്ദേഹ ത്തിന് ഒരു ഷൂസ്റ്റോറിൽ ജോലി കി ട്ടി. ഒരു സണ്ടേസ്ക്കൂൾ അദ്ധ്യാപക നിൽ നിന്നും അവിടെ വച്ച് സുവി ശേഷം കേൾക്കുവാൻ ഇടയായി. അത് തന്റെ ജീവിതത്തിൽ വലിയ മാറ്റം വരുത്തി. 1855 ഏപ്രിൽ 21 -ന് സ്റ്റോറിന്റെ പിൻവശത്തുള്ള ഒരു മുറി യിൽ പോയി മുട്ടിൽ മേൽ നിന്ന് യേശുക്രിസ്തുവിനെ ജീവിതത്തി ലേക്കു സ്വീകരിച്ചു.

സഭാംഗത്വത്തിനായി മൗണ്ട് വെർനർ കോൺഗ്രിഗേഷണൽ ചർച്ചിൽ അപേക്ഷ നല്കി എങ്കിലും, വേദ പുസ്തക സംബന്ധമായ അറി വില്ലെന്ന കാരണത്താൽ മൂഡിയുടെ അപേക്ഷ നിരസിച്ചു. സഭ തന്റെ അപേക്ഷ തള്ളിയെങ്കിലും, തന്നിൽ ആശ്രയിക്കുന്ന ആരെയും പണ്ഡിത പാമര വ്യത്യാസമില്ലാതെ മാനിക്കുന്ന സ്വർഗ്ഗത്തിലെ ദൈവം മൂഡിയെ തള്ളി യില്ല. താൻ വളരെ ഉത്സാഹത്തോടെ ദൈവവചനം പഠിച്ചു. സഭാംഗത്വത്തി നുള്ള അടിസ്ഥാനയോഗ്യത നേടിയ തിനാൽ പത്തു മാസത്തിനുശേഷം കോൺഗ്രിഗേഷണൽ ചർച്ചിൽ അംഗത്വം ലഭിച്ചു.

ബോസ്റ്റണിൽ നിന്നും ഷിക്കഗോ യിലേക്ക് മാറിയ അദ്ദേഹം സ്വന്തമായി ഒരു ഷൂ കട തുടങ്ങി. ഷിക്കാഗോ യിലെ തെരുവുകളിൽ അലയുന്ന മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ട വരും പാവപ്പെട്ടവരും ലക്ഷ്യബോധ മില്ലാത്തവരുമായ കുട്ടികളെക്കുറിച്ച് അദ്ദേഹത്തിന്റെ ഹൃദയം തേങ്ങി. വിദ്യാഭ്യാസമില്ലാത്തതിനാൽ സമൂഹ ത്തിലെ എല്ലാവിധ ചൂഷണത്തിനും ഇരകളായി അവരുടെ ഭാവി തന്നെ ഇരുളടഞ്ഞതായി. സ്വന്തമായി തുട ങ്ങിയ ഷൂ സ്റ്റോറിലൂടെ മൂഡി സാമ്പ ത്തികമായി പുരോഗതി നേടി. അതി നാൽ ഇപ്രകാരം അലഞ്ഞുതിരിയുന്ന കുഞ്ഞുങ്ങളെ ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ അവർക്കുവേണ്ടി ഒരു സണ്ടേസ്ക്കൂൾ ആരംഭിച്ചു. നഗര ത്തിലെ ഒരു ചെറിയ കെട്ടിടത്തിൽ ആരംഭിച്ച സണ്ടേസ്ക്കൂളിലേക്ക് അനേക കുട്ടികൾ കടന്നു വന്നതി നാൽ അതിനെ വിപുലീകരിക്കുകയും കൂടുതൽ അദ്ധ്യാപകരെ നിയമിക്കു കയും ചെയ്തു.

1860- ൽ തന്നെക്കുറിച്ചുള്ള ദൈവീക പദ്ധതി മനസ്സിലാക്കിയ മൂഡി ബിസിനസ്സ് ഉപേക്ഷിച്ച് സുവി ശേഷ പ്രവർത്തനത്തിൽ പൂർണ്ണ മായും ശ്രദ്ധ കേന്ദ്രീകരിച്ചു. ഒരു വലിയ ഹാൾ വാടകക്കെടുത്ത് സണ്ടേസ്ക്കൂൾ അവിടേക്കുമാറ്റു കയും അതോടൊപ്പം ഞായറാഴ്ച ആരാധനയും ആരംഭിച്ചു. ഇതിലൂടെ ഷിക്കഗോയിൽ വലിയ ആത്മീയ ഉണർവ്വ് ഉണ്ടായി. പ്രസിദ്ധ ക്രൈസ്തവ ഗായകനായ സാങ്കിയെ പരിചയപ്പെട്ട മൂഡി, അദ്ദേഹത്തോട് ചേർന്ന് വലിയ സുവിശേഷ യോഗ ങ്ങൾ ക്രമീകരിച്ച് സുവിശേഷം പ്രസംഗിച്ചു. ആയിരങ്ങൾ മൂഡിയുടെ പ്രസംഗത്തിലൂടെ ക്രിസ്തുവിങ്ക ലേക്ക് നയിക്കപ്പെട്ടു. അമേരിക്കയിൽ മാത്രമല്ല ഇംഗ്ലണ്ടിലും അയർല ണ്ടിലും സ്കോട്ട്ലണ്ടിലുമെല്ലാം മൂഡിയുടെ യോഗങ്ങളിലൂടെ വലിയ ഉണർവ്വുണ്ടായി. സ്പർജൻ, ജോർജ്ജ് മുള്ളർ തുടങ്ങിയ ദൈവ ഭക്തന്മാരു മായുള്ള സഹകരണം മൂഡിയുടെ ശുശ്രൂഷ കൂടുതൽ ശക്തിയാർജ്ജി ക്കുന്നതിന് കാരണമായി. ഇത്രയും വലിയ സുവിശേഷ പ്രസംഗകനായി രുന്നിട്ടും വലിയ യോഗങ്ങളിൽ മാത്ര മല്ല, വ്യക്തിപരമായി സുവിശേഷം അറിയിക്കുന്നതിലും മൂഡി ശ്രദ്ധാലു വായിരുന്നു.

യുവതികൾക്കും യുവാക്കൾക്കും വചനം പഠിക്കുന്നതിനായി പ്രത്യേകം ബൈബിൾ സെമിനാരി കളും സ്ക്കൂളുകളും അദ്ദേഹം ആരം ഭിച്ചു. ഗ്രേറ്റ് ബ്രിട്ടനിൽ 1881 മുതൽ 1884 വരെ നടത്തിയ സുവിശേഷ പ്രസംഗ പരമ്പരകൾ അഭ്യസ്ത വിദ്യ രായ അനേക യുവതിയുവാക്കളെ വചന പഠനത്തിലേക്ക് നയിച്ചു. സ്റ്റുഡൻസ് കോൺഫറൻസുകൾ വർഷം തോറും ഇവർക്കുവേണ്ടി മൂഡി സംഘടിപ്പിച്ചു. ആനുകാലിക ങ്ങളും ക്രൈസ്തവ ഗ്രന്ഥങ്ങളും വിപുലമായി പ്രസിദ്ധീകരിച്ച് ക്രൈസ്തവ സാഹിത്യ പ്രവർത്തന ങ്ങൾക്കും അദ്ദേഹം പ്രോത്സാഹനം നൽകി. അവ കുറഞ്ഞ വിലക്ക് നൽകി സാധാരണക്കാർക്കും ലഭ്യമാക്കി. പ്രാർത്ഥനക്കും വചന പഠനത്തിനും പ്രാധാന്യം നൽകിയ അദ്ദേഹം വിന യവും വിശുദ്ധിയുമുള്ള ശക്തനായ ദൈവ ഭക്തനായിരുന്നു. അടിസ്ഥാന വചന പരിജ്ഞാനം ഇല്ലെന്ന് പറഞ്ഞ സഭ അദ്ദേഹത്തെ ആത്മീയ പരിജ്ഞാ നമില്ലാതെ ഒരിക്കൽ തള്ളിയെങ്കിലും, മൂഡി എന്ന സാധാരണക്കാരിൽ സാധാരണക്കാരനായവന്റെ സമർപ്പ ണത്തെ ദൈവം മാനിച്ചു. മനുഷ്യർ തള്ളിക്കളയുന്ന കല്ലിനെ മൂലക്ക ല്ലാക്കിത്തീർക്കുന്ന ദൈവത്തിന്റെ പ്രവൃത്തി എത്ര വലുതാണ്! ആദർശ ധീരനായ അദ്ദേഹം ഇത്രയും ഉയർച്ചയും പ്രശസ്തിയും ലഭിച്ചുവെ ങ്കിലും അതിൽ അഭിമാനം കൊള്ളു കയോ ധനസമ്പാദനത്തിൽ ശ്രദ്ധകേ ന്ദ്രീകരിക്കുകയോ ചെയ്തില്ല.

മൂഡിയുടെ ഓരോ യോഗങ്ങ ളിലും അത്ഭുതവഹമാം വിധം ജന ങ്ങൾ തടിച്ചുക്കൂടി. 19-ാം നൂറ്റാ ണ്ടിന്റെ അവസാനത്തിൽ ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്ത മായ ഉണർവ്വിനായി മൂഡി ഉപയോ ഗിക്കപ്പെട്ടു. ദുരാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും സാമൂ ഹികതിന്മകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും ജനങ്ങൾ മുക്തി പ്രാപിച്ചതാണ് ഈ കാലഘട്ട ത്തിൽ നടന്ന ഉണർവ്വുകളിൽ പ്രകട മായ ആദ്യത്തെ അനുഭവം. വ്യക്തി പരവും സാമൂഹികവും ആത്മീയവു മായ ഉണർവ്വ് ശക്തിപ്പെടുകയും മാന സാന്തരം, വചനത്തോടുള്ള ദാഹം, സുവിശേഷം അറിയിക്കുന്നതിലുള്ള വ്യഗ്രത തുടങ്ങിയവ ഉണർവ്വിന്റെ അടുത്ത പ്രകടഭാവമായി മാറി. ദൈവ വചനത്തിന്റെ ഉപദേശ സത്യങ്ങളി ലേക്ക് ജനങ്ങൾ നയിക്കപ്പെട്ടു എന്ന താണ് മറ്റൊരു പ്രത്യേകത.

1899 -ൽ ക്യാൻസസ് പട്ടണത്തിൽ വലിയ ഉണർവ്വിനായി ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു. "ക്ഷണി ക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടു ക്കപ്പെട്ടവരോ ചുരുക്കം" എന്ന വാക്യം അടിസ്ഥാനമാക്കിയാണ് അവസാന മായി ക്യാൻസസിൽ അദ്ദേഹം പ്രസം ഗിച്ചത്. ക്യാൻസസ് യോഗത്തിനു ശേഷം ഷിക്കാഗോയിൽ തിരിച്ചെ ത്തിയ അദ്ദേഹം ശാരീരികമായി വളരെ അവശനായി "ദൈവം എന്നെ വിളിക്കുന്നു, ഞാൻ പോവുകയാണ്" എന്ന് സന്തോഷപൂർവ്വം പ്രസ്താവി ച്ചുകൊണ്ട് 1899 ഡിസംബർ 22-ാം തീയതി തന്റെ 62-ാമത്തെ വയസ്സിൽ ഡി. എൽ. മൂഡി എന്ന ശക്തനായ സുവിശേഷകൻ കർത്തൃസന്നിധിയി ലേക്കു കടന്നു പോയി.

**പ്രാർത്ഥനക്കും വചന പഠനത്തിനും പ്രാധാന്യം നൽകിയ അദ്ദേഹം വിനയവും വിശുദ്ധിയുമുള്ള ശക്തനായ ദൈവ ഭക്ത നായിരുന്നു. അടിസ്ഥാന വചന പരിജ്ഞാനം ഇല്ലെന്ന് പറഞ്ഞ സഭ അദ്ദേഹത്തെ ആത്മീയ പരിജ്ഞാനമില്ലാതെ ഒരിക്കൽ തള്ളിയെങ്കിലും, മൂഡി എന്ന സാധാരണക്കാരിൽ സാധാര ണക്കാരനായവന്റെ സമർപ്പണത്തെ ദൈവം മാനിച്ചു. മനു ഷ്യർ തള്ളിക്കളയുന്ന കല്ലിനെ മൂലക്കല്ലാക്കിത്തീർക്കുന്ന ദൈവത്തിന്റെ പ്രവൃത്തി എത്ര വലുതാണ്! ആദർശ ധീര നായ അദ്ദേഹം ഇത്രയും ഉയർച്ചയും പ്രശസ്തിയും ലഭിച്ചു വെങ്കിലും അതിൽ അഭിമാനം കൊള്ളുകയോ ധനസമ്പാദന ത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയോ ചെയ്തില്ല.**

"Why God used D.L. Moody?" എന്ന ഗ്രന്ഥത്തിൽ ഡി.എൽ. മൂഡി യുടെ സഹപ്രവർത്തകനായിരുന്നു ഡോ.ആർ.എ. ടോറി, ദൈവം മൂഡിയെ ഇത്രയും ശക്തമായി ഉപ യോഗിച്ചതിന് ഏഴുകാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. സുവിശേഷവേ ലക്കാരും സുവിശേഷ വേലക്കു താല്പര്യമുള്ള എല്ലാവരും അത് അറി യുകയും പ്രായോഗികമാക്കുകയും ചെയ്താൽ നിശ്ചയമായും D.L. Moody-യെ ദൈവം ഉപയോഗിച്ചതി നേക്കാൾ അത്ഭുതകരമായി ദൈവം അവരേയും ഉപയോഗിക്കും.

"ഒന്ന് : സമ്പൂർണ്ണ സമർപ്പണം

രണ്ട് : വിശ്വാസത്തോടും ദൈവാശ്രയത്തോടും കൂടെയുള്ള പ്രാർത്ഥന

മൂന്ന് : ആവശ്യബോധത്തോടും സ്വീകരണമനോഭാവത്തോടും കൂടെയുള്ള വചന പഠനവും ധ്യാനവും

നാല്: വിനയവും അപരനെ ആദരിക്കുവാനുള്ള സന്നദ്ധതയും

അഞ്ച് : സമ്പത്തിനോട് ആർത്തി ഇല്ലായ്മയും സാമ്പത്തിക കാര്യങ്ങളിലെ വിശ്വസ്തയും

ആറ് : ആത്മാക്കളെക്കുറിച്ചുള്ള യഥാർത്ഥമായ ഭാരം

ഏഴ് : ഉയരത്തിൽ നിന്നും ലഭിച്ച പരിശുദ്ധാത്മ ശക്തിയും പരിശുദ്ധാത്മ ശക്തിയോടുള്ള വിധേയത്വവും"

ഇതിൽ എത്ര എണ്ണം നമ്മിൽ പൂർണ്ണ മായുണ്ട്? ശോധന ചെയ്യാം അതി നായി ആത്മാർത്ഥമായി പ്രാർത്ഥി ക്കാം. പ്രായോഗികമാക്കാം. ഇനിയും അനേക മൂഡിമാർ കർത്താവിനായി എഴുന്നേൽക്കട്ടെ!.

(തുടരും)



# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം

## പിതാവിലേക്ക് വളരുക

പശുക്കുട്ടി പശുവിന്റെ പാൽകുടിച്ചു വളരുന്നു. അങ്ങനെ തള്ളപ്പശുവിന്റെ പാൽകുടിച്ചുവളരുന്ന പശുക്കിടാവ് പിന്നീട് വലിയൊരു പശുവായി കിടാങ്ങളെ പ്രസവിച്ചു വളർത്തുന്നു.

പിടക്കോഴി, കോഴിക്കുഞ്ഞിനെ ചിറകിനുകീഴിൽ വച്ചുകൊണ്ടുനടക്കുകയും ചികഞ്ഞുകൊടുത്തു തീറ്റുകയും ചെയ്യുന്നു. അങ്ങനെ വളരുന്ന കോഴിക്കുഞ്ഞ് കാലാന്തരത്തിൽ പിടക്കോഴിയായിത്തീരുകയും മുട്ടവിരിച്ച് കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്യുന്നു.

ചെറിയ തേങ്ങ തെങ്ങിനു മുകളിൽ അമ്മത്തെങ്ങിന്റെ സംരക്ഷണമനുഭവിച്ച് വളർന്ന് വളർന്ന് വലിയ തേങ്ങയായി മാറുന്നു. ആ തേങ്ങ മുളപ്പിച്ചാൽ പിന്നെയും തെങ്ങുണ്ടാകും.

മാതാപിതാക്കന്മാരാൽ സംരക്ഷിക്കപ്പെടേണ്ട മക്കളായിട്ടാണ് മനുഷ്യരുടെ ജനനം. കാലങ്ങൾ കഴിയുമ്പോൾ മക്കളെ സംരക്ഷിക്കുന്ന മാതാപിതാക്കളായി വളരുന്നു. ഇങ്ങനെ പുത്രന്റെ സ്നേഹത്തിൽ നിന്ന് പിതാവിന്റെ സ്നേഹത്തിലേക്കാണ് എല്ലാ വളർച്ചയും.

ഒരു അമ്മ തന്റെ കുട്ടികൾക്കുവേണ്ടി കഷ്ടപ്പെടുകയും ത്യാഗമനുഭവിക്കുകയും ചെയ്യുന്നതുപോലെ എല്ലാ മനുഷ്യർക്കും വേണ്ടി കഷ്ടപ്പെടാനും ത്യാഗമനുഭവിക്കാനും തയ്യാറായിരിക്കണം യേശുവിന്റെ പൊന്നുമക്കൾ. അങ്ങനെ തയ്യാറായാൽ മാത്രമേ പുത്രനിൽ നിന്ന് പിതാവിലേക്ക് വളരാൻ സാധിക്കൂ.

മറ്റുള്ളവർക്കു വേണ്ടി മറ്റൊന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിലും കുരിശിൽ കിടന്നു കൊണ്ട് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും വേദനിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെപ്പോലെ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാനും അല്പമെങ്കിലും വേദനയനുഭവിക്കാനും, അനീതിയിൽ അസ്വസ്ഥരാകാനും പ്രതികരിക്കാനും ദൈവഹിതപ്രകാരം ജീവിക്കാനും സാധിക്കുമ്പോഴാണ് ഓരോ കുട്ടിയും പിതാവിലേക്കു വളരുന്നത്.

## ദൈവം സംസാരിക്കുന്നതിങ്ങനെ

ദൂരെയിരിക്കുന്ന നമ്മൾ ഒരു പ്രസംഗം കേൾക്കുന്നു. പ്രാസംഗികന്റെ ശബ്ദമാണു കേൾക്കുന്നത്. മൈക്കിലൂടെയാണ് ശബ്ദം കേൾക്കുന്നത്. പക്ഷേ സംസാരിക്കുന്നത് മൈക്കല്ല പ്രസംഗകനാണ്.

റേഡിയോയിൽ നിന്നു പാട്ടുകേൾക്കുന്ന അവസരത്തിൽ പാടുന്നതു റേഡിയോ അല്ല പാട്ടുകാരനാണ് എന്നു നമുക്കു മനസ്സിലാകും. അദ്ദേഹത്തെ കാണാൻ പറ്റിയില്ലെങ്കിലും നമ്മൾ പാട്ടു കേട്ട് ആസ്വദിക്കുന്നു. അതിനു റേഡിയോ ആവശ്യമാണ്.

പത്രത്തിൽ നിന്ന് നമ്മൾ ഒരു വാർത്ത വായിക്കുമ്പോൾ അക്ഷരങ്ങളും വാചകങ്ങളുമല്ല നമ്മളോട് സംസാരിക്കുന്നത്, മറിച്ച് അത് എഴുതിയ ആളാണ്. ഇതുപോലെ Direct ആയി അഥവാ നേരിട്ട് അല്ലെങ്കിലും നമ്മോട് എപ്പോഴും എല്ലായിടത്തും സംസാരിച്ചുകൊണ്ടിരിക്കുന്നതും നമ്മളെ എല്ലാത്തിലും സ്നേഹക്കുന്നതും നമുക്കു വഴി പറഞ്ഞു തരുന്നതുമൊക്കെ ദൈവമാണ്.

ഏതൊരു പ്രവൃത്തിയുടെയും ദൈവഹിതം എന്തെന്ന് അന്വേഷിക്കാൻ പ്രാർത്ഥനയോട് കാത്തിരിക്കുക, തയ്യാറാവുക. ദൈവം അടയാളങ്ങൾ നല്കും തീർച്ച.

## രണ്ടു മുട്ടക്കഥ

ഒരു കോഴിമുട്ടയും താറാമുട്ടയും മേശമേൽ വച്ചിരിക്കുന്നു. ഒരു മുട്ട ചെറുത്. മറ്റേത് വലുത്.

ഇനി ഒരു ചോദ്യമാകാം. ഈ കോഴിമുട്ടക്ക് അതായത് ചെറിയമുട്ടക്ക് ആരോടാണ് ബന്ധം. വലിയ മുട്ടയോടാണോ കോഴിയോടാണോ?

ഒറ്റ നോട്ടം നോക്കുക. മുട്ടക്കു നിറം വെളുപ്പ്. രൂപം അല്പം ചെറുതാണെങ്കിലും മുട്ടയാണ്. ആകൃതി മുട്ടയുടേതു തന്നെ. സാമാന്യ ബുദ്ധിയുള്ള ഒരാൾ പറയും ഈ ചെറിയ മുട്ടക്ക് വലിയ മുട്ടയോടാണ് ബന്ധമെന്ന്.

വലിയമുട്ട താറാമുട്ടയാണ്. കോഴിമുട്ടക്കു താറാമുട്ടയോടാണോ ബന്ധം കോഴിയോടാണോ... കോഴിയോടാണ് കോഴിമുട്ടക്കു കൂടുതൽ ബന്ധം.

ഇതുപോലെ തന്നെയാണ് മനുഷ്യന്റെ കാര്യവും. മനുഷ്യന് മൃഗവുമായി – കുരങ്ങുമായി (പരിണാമസിദ്ധാന്തം) മുഖസാദൃശ്യം ഉണ്ടെങ്കിലും സത്യം അതാണോ?

മൃഗ സാദൃശ്യം ഉണ്ടെങ്കിലും ബന്ധം ദൈവത്തോടല്ലേ. അരൂപിയായ ദൈവത്തോടാണ് മനുഷ്യന് ഏറെ സാദൃശ്യവും ബന്ധവും.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിന് രൂപമുണ്ടോ ഛായയുണ്ടോ? ഇല്ല. ദൈവം അരൂപിയാണ്. എങ്കിൽ എന്താണ് ദൈവം?

ദൈവം സ്നേഹമാകുന്നു എന്നു നമ്മൾ സുവിശേഷത്തിൽ വായിക്കുന്നു. സ്നേഹത്തിനു രൂപമുണ്ടോ? ഇല്ല. ഇല്ല, ദൃശ്യമല്ല സ്നേഹം.

ദൈവവും അതുപോലെ ദൃശ്യമല്ലല്ലോ. ദൈവത്തിന്റെ ഛായയും സാദൃശ്യവും സ്നേഹമാണ്.

സ്നേഹമുള്ളിടത്ത് ദൈവത്തിന്റെ അദൃശ്യ സാന്നിധ്യമുണ്ട്. അവിടെ വെറുപ്പ്, പക, വിദ്വേഷം, മത്സരം, അഹങ്കാരം ഒന്നുമില്ല. എളിമയുടെ വലിയ സ്നേഹം. ക്രിസ്തുസ്നേഹം. അതല്ലേ ഈ ലോകത്തെ ഏറ്റവും വലിയ ദൈവാനുഭവം.

കവിത

## വിദ്യാലയ ജീവിത സമർപ്പണം

വിദ്യാലയം തുറക്കുമ്പോൾ
പുസ്തകങ്ങൾ ലഭിക്കുമ്പോൾ
പാഠം പഠിക്കാൻ തുടങ്ങുന്ന നേരം
മിഴിപൂട്ടി മെല്ലെ ഞാൻ ചൊല്ലുന്നു
യേശുവേ, എന്നെ നിനക്കു ഞാനർപ്പണം ചെയ്യുന്നു.
എന്റെ സർവസ്വവുമർപ്പണം ചെയ്യുന്നു.

ഈ വർഷമുള്ള പഠനവിഷയങ്ങൾ
ഈ വർഷമുള്ള ഗൃഹപാഠമെല്ലാം
ഈ വർഷമുള്ള പരീക്ഷകൾ സർവവും
ദൈവമേ ഞാൻ സമർപ്പിക്കുന്നു നിന്നിൽ

കഠിനപാഠങ്ങൾ പഠിക്കുമ്പോഴെപ്പോഴും
തുണയായരികത്തു വന്നിരിക്കേണം
അലസത മാറ്റി നീയൂർജ്ജം നല്കേണം
അറിവിന്റെയുറവേ സമർപ്പിക്കുന്നു ഞാൻ

ഗുരു ചൊല്ലി നല്കുന്ന ലോകജ്ഞാനം
ചുവരുകൾക്കുള്ളിലെ ക്ലാസ്മുറിയിൽ
ശ്രദ്ധയോടെപ്പൊഴും കേൾക്കുവാൻ നിത്യം
സത്യദൈവത്തിൻ സഹായമർത്ഥിക്കുന്നു

യേശുവേയെന്റെയീ വിദ്യാലയ
ജീവിതം നിന്നിലർപ്പിക്കുന്നു ശരണം

EG NO. 337/14/15/ AL-86 TC III MONTHLY MALAYALAM REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month
LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

# കുരുന്നു മനസ്സുകൾക്ക് ആത്മ ദർശനമേകി ഉല്ലാസത്തിന്റെ ഫെസ്റ്റ്

**കാ**ട്ടക്കട : അവധിക്കാലത്ത് കുഞ്ഞുങ്ങളെ ഉല്ലാസത്തിന്റെ നെറുകയിലേക്കു പിടിച്ചുയർത്തി യതോടൊപ്പം വ്യക്തമായ ദൈവീക ദർശനം ഏകി ആ കുരുന്നു മനസ്സുകളെ രൂപാന്തരപ്പെടുത്തുവാനും ജി.എം.ഐ സംഘടിപ്പിച്ച മൂന്നു ചിൽഡ്രൻസ് ഫെസ്റ്റ് ക്യാമ്പുകളും സഹായകമായി. തിരുവനന്തപുരത്ത് കാട്ടാക്കട ക്രിസ്തുകൃപ ആശ്രമത്തിലും, ചായ്കുളം കൃപാ പ്രെയർ ഹാളിലും, പട്ടം സങ്കേതത്തിലുമായി 2011 ഏപ്രിൽ 25 മുതൽ 30 വരെയുള്ള ദിവസങ്ങളിലായി നടത്തപ്പെട്ട പ്രസ്തുത ക്യാമ്പുകളിലൂടെ 230-ലധികം കുഞ്ഞുങ്ങളാണ് യേശുകർത്താവിന്റെ സ്നേഹ സാന്നിധ്യത്തിന്റെ മാധുര്യം അനുഭവിച്ചത്. ഇതിൽ 40 ശതമാനത്തോളം ഹൈന്ദവ കുഞ്ഞുങ്ങളായിരുന്നു.

'ഹലോ ഗലീലാ' എന്നതായിരുന്നു ഈ വർഷത്തെ ഫെസ്റ്റിന്റെിഷയം ഗലില തീരപ്രദേശത്തും കടലിലും യേശുവിന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ട 5 സംഭവകഥകളാണ് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചിൻഡ്രൻസ് ഫെസ്റ്റ് തീരുന്ന ദിവസം എല്ലാ കുട്ടികൾക്കും അവർ തന്നെ മെനഞ്ഞെടുത്ത യേശുവും ശിഷ്യന്മാരും ഉള്ള ഒരു മനോഹരമായ പടക് ലഭിക്കുകയുണ്ടായി.

വളരെ മനോഹരമായ മനപാഠവാക്യങ്ങളും ഗാനങ്ങളും ഡാൻസുകളും കഥകളും പാഠങ്ങൾക്കുമോടൊപ്പം എന്നും ചില വിശിഷ്ട അതിഥികൾ (പപ്പറ്റസ്) കുട്ടികളോട് സംസാരിക്കുമായിരുന്നു, കൂടാതെ മനോഹരമായ ക്രിസ്ത്യൻ മാജിക് ഷോയും ഈ ഫെസ്റ്റിന്റെ ഒരു പ്രത്യേകതയായിരുന്നു. ഈ ലോകമാകുന്ന സാഹരത്തിൽ പടകുകളാകുന്ന നാം ഓരോരുത്തരും യാത്രചെയ്യുമ്പോൾ പടകിൽ (ജീവിതത്തിൽ) യേശു ഇല്ല എങ്കിൽ മുങ്ങിപ്പോകാൻ സാധ്യതയുണ്ട് എന്ന ക്രിസ്തീയ ഗുണ പാഠവുമായി കുഞ്ഞുങ്ങൾ ഭവനങ്ങളിലേക്ക് മടങ്ങി. പാപം ചെയ്യുവാൻ പിശാച് പ്രേരിപ്പിക്കുമെന്നും ആ സാഹചര്യത്തിൽ നിന്ന് കരകയറുവാൻ ജീവിതം പ്രാർത്ഥനാ നിർഭരം ആയിരിക്കണമെന്നും കുട്ടികൾ പഠിച്ചു. സ്കൂളിലും വീട്ടിലും അനുസരണയുള്ളവരായി ഈ യേശു നാഥനെ പിൻ പറ്റുമെന്നും അവർ തീരുമാനമെടുത്തു.

അടുത്ത വർഷത്തിൽ പുതിയ ചില പ്രത്യേകതകളോടെ നമ്മുടെ ചിൻഡ്രൻസ് ഫെസ്റ്റിൽ സന്ധിക്കാമെന്ന പ്രതീക്ഷയുമായി കുട്ടികളും,അദ്ധ്യാപകരും പിരിഞ്ഞു.

കുഞ്ഞുങ്ങൾ നമ്മുടെ നാളത്തെ പ്രതീക്ഷകളാണ്. "ഒരിക്കൽ ഡി.എൽ. മൂഡി തന്റെ പ്രസംഗം കഴിഞ്ഞ് ഭവനത്തിൽ മടങ്ങിയെത്തിയപ്പോൾ ഒരാൾ ചോദിച്ചു. ഇന്നത്തെ പ്രസംഗത്തിൽ എത്രപേർ മാനസാന്തരപ്പെട്ടു എന്ന്. അദ്ദേഹം പറഞ്ഞു $2^{1/2}$ (രണ്ടര) വ്യക്തികൾ. ഉത്തരം കേട്ടയാൾ ആശ്ചര്യപ്പെട്ടു ചോദിച്ചു രണ്ടര പേരോ? രണ്ട് വലിയ ആളുകളും ഒരു കൊച്ചു കുട്ടിയുമായിരിക്കും അല്ലേ എന്ന് അദ്ദേഹം മൂഡിയോട് പറഞ്ഞു. ഡി.എൽ. മൂഡി പറഞ്ഞു. ഇല്ല താങ്കൾ പറഞ്ഞത് തെറ്റാണ്. രണ്ടു കൊച്ചുകുട്ടികളും ഒരു പ്രായമുള്ള ആളുമാണ് ഞാനുദ്ദേശിച്ചത്." ശരിയല്ലേ: എത്ര ശരിയാണ് കുട്ടികളാണ് ഈ ഭൂമിയിൽ കൂടുതൽ വർഷങ്ങൾ ജീവിച്ചിരിക്കുന്നത് നമ്മെക്കാളും. അങ്ങനെയെങ്കിൽ കൊച്ചുകുട്ടികളെ യേശുവിനായി നേടുവാൻ കഴിഞ്ഞാൽ അത് എത്രയോ മേന്മയേറിയതാണ്.

തിമോത്തി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചു ക്രമീകരിച്ച ഈ ചിൽഡ്രൻസ് ഫെസ്റ്റിന് ജി.എം.ഐ യുടെ ക്രിസ്റ്റ്യൻ എജ്യുക്കേഷൻ ബോർഡ് ഡയറക്ടർ സഹോ. ബ്രൈറ്റ് ഡാനിയേലായിരുന്നു നേതൃത്വം നൽകിയത്. സഹോ. ഷിജോമോനും കുടുംബമായി ഈ പ്രവർത്തനത്തിന്റെ മുൻ നിരയിലുണ്ടായിരുന്നു.


## ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ



ഗ്രെയ്സ് ഫെസ്റ്റുകൾ




ക്രിസ്തുകൃപ ആശ്രമങ്ങൾ



ഹാപ്പി ഫാമിലി മിഷൻ



പബ്ലിക്കേഷൻസ്




മാസിക പ്രവർത്തനങ്ങൾ




സൗജന്യ വിദ്യാഭ്യാസ പരിപാടികൾ



### മറ്റു പ്രവർത്തനങ്ങൾ

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)